
# *Who is a Kafir?*
# കാഫിർ ആരാണ്?




## MUNIR AHMAD AZIM
## HAZRAT MUHYI-UD-DIN - AL- KHALIFATULLAH
## JAMAAT-UL-SAHIH-AL-ISLAM

Translated By

**Mukarram R. Jamaludin Raother / Ameer Jamaat Ul Sahih Al Islam,**
**South Kerala, India.**

*E-mail : jamal.raother@gmail.com*

بسم الله الرحمن الرحيم

## പരമകാരുണികനും കരുണാമയനുമായ ദൈവത്തിന്റെ നാമത്തിൽ
## Translator's Note/ പരിഭാഷക കുറിപ്പ്

ഹിജ്റ 1430 സഫർ മാസം 1–ാം തീയതി വിരചിതമായ *Who is a Kafir?* എന്ന കൃതിയുടെ മലയാള പരിഭാഷയാണ് നിങ്ങളുടെ കൈകളിൽ! ഗ്രന്ഥകർത്താവ് 15–ാം നൂറ്റാണ്ടിലെ മുഹ്‌യിദ്ദീനും മുജദ്ദിദും ഖലീഫത്തുല്ലാഹ്‌യുമായ ഹസ്രത് മുനീർ അഹ്മദ് അസീം അവർകളാണ്.

വിശുദ്ധഖുർആന്റെയും വിശുദ്ധപ്രവാചക വചനങ്ങളുടെയും അടിസ്ഥാനത്തിൽ കാഫിർ ആരാണ്? മുസ്ലിം ആരാണ്? എന്ന് പരിശോധനാ വിധേയമാക്കപ്പെടുകയാണിവിടെ! വാദപ്രതിവാദങ്ങളിലൂടെയും, തർക്ക വിതർക്കങ്ങളിലൂടെയും ആടിയുലയുന്ന മുസ്ലിം ലോകത്തിനിതാ ഒരു ശരീഅത്ത് വിധി! ഹിജ്റാ 15–ാം നൂറ്റാണ്ടിലെ ഇസ്ലാമിക വിധികർത്താവിനെ ഇതാ സർവ്വശക്തനായ അല്ലാഹു(ത) നിയോഗിച്ചിരിക്കുന്നു. ആ മഹാത്മാവിനെ തിരിച്ചറിയാൻ മാനവ ഹൃദയങ്ങൾ തുറക്കട്ടെ എന്ന് പ്രത്യാശിക്കുന്നു, പ്രാർത്ഥിക്കുന്നു.

പരേതനായ എന്റെ പ്രിയമകൻ **ഫൗസ് ജമാലിന്റെ** (05–01–1976 / 21–11–2007) പാവന സ്മരണയ്ക്ക് മുമ്പിൽ ഈ നൂറ്റാണ്ടിലെ ദൈവനിയോഗിതന്റെ, ആ മഹത്തായ ഗ്രന്ഥത്തിന്റെ മലയാളം പരിഭാഷ എല്ലാവിധ ആദരവോടെയും അഭിമാനത്തോടെയും മലയാളം വായനക്കാരുടെ സമക്ഷം സമർപ്പിക്കുകയാണ്.

വിധേയൻ

**ആർ. ജമാലുദ്ദീൻ റാവുത്തർ**
**അമീർ**
**ജമാത്തുസ്സഹീഹിൽ ഇസ്ലാം**
**Reg No. A. 693/ 2010**



ഈ സന്തോഷസംഗമം നാളെ സ്വർഗ്ഗത്തിലും സാധിതമാക്കേണമെ നാഥാ! ആമീൻ!

**മാത്ര**
**05–01–2020**

بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ

## PERFACE/ആമുഖം

നോർത്ത് മൗറിഷ്യസിൽ സംഘടിച്ചിരിക്കുന്ന കുറെ മുല്ലാക്കൾ, ദൈവഭയമില്ലാതെ, പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നു, ഖാദിയാനികൾ അവിശ്വാസികളാണെന്ന്, അതായത് കാഫിറുകളാണെന്ന്! അവരെ പ്രതിരോധിക്കാനായി ഞാനീ ചെറുപുസ്തകം നിങ്ങളുടെ മുൻപാകെ സമർപ്പിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അവരുടെ പ്രസംഗങ്ങളിൽ നിന്നും ഞാനിത് കേട്ട് മനസ്സിലാക്കിയപ്പോൾ, ഇത് സംബന്ധമായി നേരിട്ടു സംസാരിക്കുവാനായി ഞാനവരെ ക്ഷണിക്കുകയുണ്ടായി. സൗകര്യപ്രദമായ ദിവസവും സമയവും സ്ഥലവും നിശ്ചയിക്കുവാൻ ഞാൻ ആവശ്യപ്പെടുകയുണ്ടായി. വിശുദ്ധഖുർആന്റയും വിശുദ്ധ റസൂൽ(സ)യുടെ അധ്യാപനങ്ങളുടെയും വെളിച്ചത്തിൽ ഖാദിയാനികൾ അവിശ്വാസികളാണെന്ന് തെളിയിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ അവർ സത്യത്തെ നേരിടുവാൻ തയ്യാറായില്ല. എന്നാൽ അവരുടെ തന്നെയുള്ള വിശ്വാസപ്രമാണങ്ങളിൽ അറിവില്ലാതെ, ശ്വാനന്മാർ ഓരിയിടുന്നതുപോലെ ഓരി ഇടുവാൻ മാത്രമാണ് തയ്യാറായത്.

ഇക്കാരണത്താലാണ് അല്ലാഹു(ത)യുടെ അനുഗ്രഹത്താൽ ഈ ചെറുപുസ്തകം എഴുതുവാനുള്ള തീരുമാനത്തിലെത്തി ചേർന്നത്. എന്റെ പ്രിയ സഹോദരി സഹോദരന്മാർ മുസ്ലിമും കാഫിറും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് മനസ്സിലാക്കുവാനായി കാഫിർ ആരാണ് ? എന്ന ഈ ചെറുപുസ്തകം, സത്യാന്വേഷകരുടെ മുമ്പാകെ, ശക്തമായ ഖുർആന്റെ തെളിവുകളും ഹദീസിന്റെ തെളിവുകളും എടുത്തുവയ്ക്കുകയാണ്.

അല്ലയോ! എന്റെ മുസ്ലിം സഹോദരീ സഹോദന്മാരെ ! പ്രാർത്ഥിക്കുക. ജാഗ്രതയുള്ളവരാകുക, ഇന്ന് ഇസ്ലാം ദുർബലപ്പെട്ടു കൊണ്ടിരിക്കുകയാണ്. നിങ്ങളും നിങ്ങളുടെ സന്താനങ്ങളും ഇസ്ലാമിൽ നിന്ന് അകന്നു കൊണ്ടിരിക്കുകയാണ്. ഹസ്രത് മുഹമ്മദ് മുസ്തഫ(സ) യുടെ അനുചരന്മാരുടെ ഹൃദയങ്ങളിലുണ്ടായിരുന്ന വിശ്വാസം, പ്രസ്തുത ദൃഢതരമായ വിശ്വാസം, അവരുടെ ഹൃദയങ്ങളിൽ രൂഢമൂലമായിരുന്നു. അതിപ്പോൾ എവിടെപ്പോയി? അതേ വിശ്വാസം തന്നെയാണ് നമുക്കാവശ്യമായിട്ടുള്ളത്. അതെ ഐക്യം തന്നെയാണ് നമുക്ക് വേണ്ടത്. ഒറ്റവാക്കിൽ പറഞ്ഞാൽ അതേ

പ്രവാചകൻ(സ) തന്നെയാണ് വേണ്ടത്. ഇസ്ലാമിന്റെ സന്ദേശം ഒരിക്കൽകൂടി മുഴുലോകത്തും പ്രബോധിക്കുവാനായി.

മുസ്ലിംകൾ ഇക്കാലത്ത് വളരെ ദുർബലരായി തീർന്നിരിക്കുന്നു. മതഭ്യംശത്തിന്റെയും ദൈവനിന്ദയുടെയും കൊടുങ്കാറ്റ്, അടിച്ചുവീശി അവരെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ, ദൈവം അവന്റെ വാഗ്ദാനം പൂർത്തീകരിക്കുന്നില്ലെങ്കിൽ, പിന്നെ എപ്പോഴാണ് അതു പൂർത്തികരിക്കുക? ദൈവം എപ്പോഴും അവന്റെ വാഗ്ദാനം പൂർത്തീകരിക്കുന്നതാണ്. നൂറ്റാണ്ടുകൾക്കുശേഷവും ഖാദിയാനിലെ ഹസ്രത് മിർസാഗുലാം അഹ്മദ് (അ)നെ ഉയർത്തിയതുപോലെ, ഈ നൂറ്റാണ്ടിലും, അവന്റെ തെരഞ്ഞെടുത്ത അവന്റെ പ്രതിനിധിയെ, ഖലീഫത്തുല്ലാഹ്യെ നിയോഗിച്ചിരിക്കുന്നു. ഖാദിയാനിലെ ഹസ്രത് മിർസാഗുലാം അഹ്മ്ദ് (അ)നോടും, ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്യോടും നിങ്ങൾ എന്തേ ശത്രുതാപരമായ സമീപനം കൈകൊള്ളുന്നു? നിങ്ങൾ ഇത് പണ്ഡിതന്മാർക്ക് വിട്ടിട്ട് കയ്യൊഴിയുകയായിരുന്നു. കാരണം അവർ ഞങ്ങൾക്കെതിരായി നില്ക്കുവാൻ കടപ്പെട്ടവരാണ്, ഒരു ദൈവനിയോഗിതൻ മുഴുലോകത്തിനുമായി നിയോഗിക്കപ്പെടുമ്പോൾ, സാത്താന്റെ വഴി അവർ (പണ്ഡിതന്മാർ) പിന്തുടരുന്നതാണ് എന്ന് നിങ്ങൾക്കറിയില്ലേ?

ആയതിനാൽ, ഈ പണ്ഡിതന്മാരെ നിങ്ങൾ അവഗണിക്കുക. വിശുദ്ധഖുർആൻ പഠിക്കുക. വിശുദ്ധഖുർആനിൽ പറയുന്നതു അനുസരിക്കുവാൻ പഠിക്കുക. ഓരോ വചനവും നല്ലപോലെ പഠിക്കുക. വിധിനാൾവരേക്കും അല്ലാഹു(ത) അവന്റെ വാഗ്ദാനം പൂർത്തീകരിക്കുന്നത് എങ്ങനെയാണെന്ന് നിങ്ങൾക്ക് മനസ്സിലാകും. നൂറ്റാണ്ടുകൾ തോറും അവൻ എങ്ങനെയാണ് അവന്റെ ദൂതന്മാരെ നിയോഗിക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാകും, മുൻകാലങ്ങളിൽ അവൻ അയച്ചിരുന്നതുപോലെ വരും കാലങ്ങളിലും അവൻ നിയോഗിച്ചുകൊണ്ടിരിക്കും. മുഹമ്മദിയ്യാ സമുദായത്തിന്റെ നടപടിക്രമമായി അല്ലാഹു(ത) നിശ്ചയിച്ച കാര്യമാണത്. അതിൽ യാതൊരു മാറ്റവുമുണ്ടായിരിക്കില്ല.

കഴിഞ്ഞനൂറ്റാണ്ടിൽ ആഗതരായ ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ)നെയും ഈ നൂറ്റാണ്ടിൽ ആഗതരായ ഈ വിനീതദാസൻ, ഖലീഫത്തുല്ലാഹ്യും, ഞങ്ങൾ തറപ്പിച്ചു പറയുന്നു, അവർ

(മുസ്ലിം പണ്ഡിതർ) ബിദ്അത്ത് കണ്ട് പിടിച്ചിരിക്കുകയാണ്, അതു കൊണ്ട് വിശുദ്ധഖുർആൻ നല്ല നിലയിൽ പഠിക്കുവാൻ, ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ്. നിങ്ങൾ ഈ പണ്ഡിതന്മാർ പറയുന്നതു ശ്രദ്ധിക്കുകയും അവരെ പിൻപറ്റുകയും ചെയ്യുന്നതിന് പകരം നിങ്ങൾ വിശുദ്ധഖുർ അർത്ഥ സഹിതം പഠിക്കുവാൻ സമയം കണ്ടെത്തുക. അവർ (പ്രസ്തുത പണ്ഡിതർ) ഹസ്രത് മിർസാഗുലാം അഹ്മദ് (അ)ന് എതിരിലും ഈ വീനിതനെതിരിലും എന്റെ അനുചരന്മാർക്കെതിരിലും നിഷ്ക്കളങ്കരായ മുസ്ലിം സാധാരണക്കാരുടെ ഹൃദയങ്ങളിൽ, ശത്രുത സൃഷ്ടിക്കുകയാണ് ചെയ്യുന്നത്.

ആയതിനാൽ നിങ്ങൾ നിങ്ങളുടെ നയനങ്ങൾ അതിവിശാലമായി തുറക്കുക, എന്നിട്ട് ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞ ഈ കാര്യത്തെക്കുറിച്ച് ഗാഢമായി ചിന്തിക്കുക. “അദ്ദേഹം പറഞ്ഞില്ലേ? ആകാശവിതാനത്തിൻ കീഴെയുള്ള ഏറ്റവും നികൃഷ്ടജീവികൾ ഈ ഉലമാക്കന്മാർ ആയിരിക്കും എന്ന്. ”

ആയതിനാൽ, നിങ്ങൾ അവർക്ക് അല്പം പോലും ശ്രദ്ധകൊടുക്കരുത്. അവരെ അവരുടെ വഴിക്ക് വിട്ടേക്കുക. വരൂ! ഞങ്ങളോടൊപ്പം ചേരൂ! ഇസ്ലാമിനെ നമുക്കൊരുമിച്ച് പ്രബോധിക്കാം. നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ ദൗത്യത്തെ നമുക്ക് വിജയത്തിലെത്തിക്കാം.

എന്റെ പ്രിയ സഹോദരീ സഹോദന്മാരെ! നിങ്ങളുടെ എല്ലാവരുടെയും ഇടയിൽ ഇതാ അല്ലാഹുവിന്റെ ഖലീഫ നിലനില്ക്കുന്നു. വരൂ! നമുക്കൊരുമിച്ച് പ്രവർത്തിക്കാം ! ലാ ഇലാഹ ഇല്ലല്ലാഹ് എന്ന പതാക നമുക്ക് ഉയരത്തിൽ പാറിപ്പിക്കാം. എന്റെ സൃഷ്ടാവിന്റെ നാമത്തിൽ തികഞ്ഞ ആത്മവിശ്വാസത്തോടെ ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു. യഥാർത്ഥ ഇസ്ലാമിനെ പ്രചരിപ്പിക്കുന്നതിൽ നിന്നും നിങ്ങളെ തടയുവാൻ ഒരു ശക്തിക്കും കഴിയുകയില്ല. അല്ലാഹു(ത) അവന്റെ വാഗ്ദാനം പൂർത്തീകരിക്കുന്നത് അവന്റെ ഒരു അനുഗ്രഹമാണ്. തീർച്ചയായും അത് അല്ലാഹു(ത) എന്നെന്നും പൂർത്തീകരിക്കുന്നതുമാണ്. ഇൻശാ അല്ലാഹ്! ആമീൻ

***മുനീർ അഹ്മദ് അസീം***
***ഹസ്രത് അമീറുൽ മുഅ്മിനീൻ, മുഹ്‌യിദ്ദീൻ,***
***അൽഖലീഫത്തുല്ലാഹ്,***
***ജമാഅത്തുസ്സഹീഹിൽ ഇസ്ലാം***
***01 സഫർ 1430 ഹിജ്റ***

## INTRODUCTION/മുഖവുര

മൗറിഷ്യസ് ഒരു സമ്മിശ്ര വംശീയതയുടെയും സമ്മിശ്ര മതവിശ്വാസികളുടെയും ദ്വീപാണ്. ഈ ചെറിയ രാജ്യത്ത് എല്ലാ വിഭാഗം വിശ്വാസികളും അവരുടെ ശാഖോപശാഖകളും കഴിഞ്ഞു കൂടുന്നു. ഈ രാജ്യത്ത് സമാധാനവും ക്രമപാലനവും വിളയാടാൻ മതസ്വാതന്ത്ര്യം അനിവാര്യമായ ഒരു ഘടകമാണ്. മൗറിഷ്യസ് ഗവൺമെന്റ് എല്ലാവിധ മതവിശ്വാസികളോടും സമുദായങ്ങളോടും ഒരു സമദൂര സിദ്ധാന്തമാണ് സ്വീകരിച്ചിട്ടുള്ളത്. എല്ലാവിധ മതകാര്യങ്ങളിൽ നിന്നും ഭരണകൂടം സ്വയം അകലം പാലിക്കുന്നു. ഭൂരിപക്ഷ സമുദായത്തിന്റെ സമ്മർദ്ദം നിലനില്ക്കുന്നുണ്ടെങ്കിലും, ഒരു വ്യക്തിയേയോ, ഒരു സംഘത്തെയോ അവരുടെ മതപരമായ അവകാശങ്ങളിൽ നിന്നും, ഭരണകൂടം ആട്ടിഓടിക്കുന്നില്ല. അവർ ആചരിക്കുന്ന, പിന്തുടരുന്ന മതത്തിന്റെ പേരിൽ അവരെ അംഗീകരിക്കാതിരിക്കുകയുമില്ല. ഇത്തരം ഒരു സമീപനത്തിലൂടെ മാത്രമെ മനുഷ്യന്റെ അടിസ്ഥാനപരവും മതപരവുമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയുള്ളു.

ഈ ദ്വീപിന്റെ വടക്കുഭാഗത്ത് ഈയ്യിടയായി ഒരു സ്വരപരിണാമം അഭിമുഖീകരിക്കുകയാണ്. താത്ക്കാലികമോ പെട്ടെന്നുള്ളതോ ആയ നേട്ടങ്ങൾക്കായി മതസ്വാതന്ത്ര്യത്തിന്റേയോ, സഹനതയുടെയോ സുവർണ്ണ തത്വങ്ങളെ നാം ഒരു സാഹചര്യത്തിലും നഷ്ടപ്പെടുവാൻ അനുവദിക്കരുത്. ഭൂരിപക്ഷ സമുദായത്തെ ഭയന്നുകൊണ്ടോ അഥവാ ഒരു രാഷ്ട്രീയ നേട്ടത്തിനു വേണ്ടിയോ, ഈ സുവർണ്ണതത്വങ്ങളെ നാം ചവിട്ടിമെതിച്ചാൽ, ചരിത്രം നമുക്ക് ഒരിക്കലും മാപ്പു തരില്ല, ദൈവം ഒരിക്കലും അവന്റെ അനുഗ്രഹങ്ങൾ നമ്മുടെ മേൽ ചൊരിയുകയുമില്ല.

ഇക്കാലത്ത് ചിലആളുകൾ, അവർ തങ്ങളുടെ മാത്രം പ്രയോജനങ്ങൾക്കായി കഠിനാധ്വാനം ചെയ്യുന്നു, അവർ അഹ്മദീ മുസ്ലികളെ തരം താഴ്ത്തുന്നതിനായുള്ള കപട പ്രചാരണത്തിന് കപടവേഷധാരികളായി തുടക്കം കുറിച്ചിരിക്കുന്നു. അവരുടെ ആവശ്യം അഹ്മദീ മുസ്ലിംകൾ, മുസ്ലിംകൾ അല്ല എന്ന് പ്രഖ്യാപിക്കണം. മുസ്ലിം പണ്ഡിതന്മാർ ചേർന്ന്, അവർ പ്രഖ്യാ

പിച്ചു, അഹ്മദീ മുസ്ലിംകളും ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളും മുസ്ലിംകൾ അല്ല എന്ന്!

**WHO IS A MUSLIM ? ഒരു മുസ്ലിം ആരാണ് ?**

"ഞാൻ ഈ പറയപ്പെടുന്ന ഉലമാക്കളോട് ചോദിക്കുക യുണ്ടായി." ഒരു മുസ്ലിം എന്നതിന് ഒരു നല്ല നിർവ്വചനം തരുവാൻ. കാരണം വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ഈ പണ്ഡിതന്മാർ അഹ്മദിമുസ്ലിംകൾ കാഫിർകളാണ് എന്ന് അവർ വിശ്വസിക്കുന്നുവെങ്കിൽ, അപ്പോൾ അവരുടെ മനസ്സുകളിൽ വ്യക്തമായ ഒരു പോയിന്റ് ഉണ്ടായിരിക്കുമല്ലോ, അത്തരം വിശ്വാസം വെച്ച് പുലർത്തുന്നതിന്! അതുപോലെ മുസ്ലിം എന്നുപറയുന്നതാർക്കാണ് എന്നുമുള്ള വ്യക്തമായ ഒരു നിർവ്വചനവും ഉണ്ടായിരിക്കണമല്ലോ. ഒരു വ്യക്തി അഥവാ ഒരു സമുദായം ഇസ്ലാമിന്റെ ചട്ടക്കൂട്ടിലുള്ളതല്ല എന്ന് പറയണമെങ്കിൽ, ഒരു യഥാർത്ഥ മുസ്ലിം ആരാണെന്നും അതിന്റെ യഥാർത്ഥ ആശയം എന്താണെന്നും അവർ പറയേണ്ടതുണ്ട്. അപ്പോൾ ഒരു മുസ്ലിം ആരാണ് ? അല്ലെങ്കിൽ ഒരു മുസ്ലിം ആരല്ല? എന്നതിന് വളരെ വലിയ പ്രാധാന്യം തന്നെയുണ്ട്. ഇസ്ലാമിന്റെയും മുസ്ലിമിന്റെയും വേഷം ധരിച്ച് രംഗത്തു വരുന്നവർ ഇതിന്റ ഉത്തരം പറയേണ്ടതുണ്ട്.

ഈ പണ്ഡിതന്മാരോട് വ്യക്തവും സുതാര്യവുമായ ഒരു നിർവചനം നല്കുവാൻ ആവശ്യപ്പെട്ടിട്ടും, മുസ്ലിം ആരാണ് ? നാളിതുവരെയും എന്റെ ചോദ്യത്തിന് ഉത്തരമില്ലാതെ കിടക്കുകയാണ്.

പലവിഭാഗങ്ങളിൽപ്പെടുന്ന ഈ പണ്ഡിതന്മാർ മുസ്ലിം ആരാണ് എന്നതിന് അവരുടെതായ നിർവചനങ്ങൾ ഹാജരാക്കുന്നു. അവരിൽ ഏതെങ്കിലും ഒരു വിഭാഗം പറഞ്ഞതിനോട് ഞങ്ങൾ യോജിച്ചാൽ മറുവിഭാഗം അതിനെ എതിർക്കുന്നു. അപ്പോൾ ഈ കാര്യത്തിൽ ഒരു വിഭാഗം പറഞ്ഞതിനോട് നാം യോജിക്കുകയാണെങ്കിൽ, നമ്മെ മുസ്ലിം ആയി അംഗീകരിക്കേണ്ടി വരും, അപ്പോൾ മറുവിഭാഗം കാഫിർ ആണെന്ന് പറയുകയും ചെയ്യും. തെക്കുഭാഗത്തുള്ള ദ്വീപിലെ മുസ്ലിം പണ്ഡിതന്മാരുടെ അവസ്ഥ ഇതാണ്. ഞാൻ നമ്മുടേതായ ഒരു നിർവ

ചനം നല്കിയാൽ, അവരിലെ ഒരു വിഭാഗത്തിനോട് യോജിക്കുന്നതായാൽ, മറുവിഭാഗം എതിർത്ത് കാഫിർ ആണെന്നു പറയും. ചുരുക്കത്തിൽ അവരുടെ യോഗത്തിൽ വെച്ച് തന്നെ നാം മുസ്ലിംകൾ ആണെന്ന് ഒരു വിഭാഗവും, മറുവിഭാഗം കാഫിർകൾ ആണെന്നും പ്രഖ്യാപനം ഉണ്ടാകും.

**SECT OF ISLAM DENOUNCING ANOTHER SECT OF ISLAM AS KAFIR**

**ഇസ്ലാമിലെ ഒരു മതശാഖ ഇസ്ലാമിലെ മറ്റൊരു മതശാഖയെ കാഫിർ എന്ന് പറഞ്ഞ് ആക്ഷേപിക്കുന്നു**

**ശീആ:** വിഭാഗത്തിന്റെ അഭിപ്രായപ്രകാരം എല്ലാ സുന്നികളും അവിശ്വാസികളാണ്. അതുപോലെ അഹ്ലുൽ ഖുർആന്റെ ആളുകളും അവർ ഹദീസിനെ വിശ്വാസത്തിന്റെ എതിരായി കണക്കാക്കുന്നു. അതുകൊണ്ട് തന്നെ, അതെ തുടർന്ന് ഹദീസ് നിർബന്ധമല്ലാത്തതുമായി മാറിയിരിക്കുന്നു. അതുപോലെ തന്നെ സ്വതന്ത്രചിന്തകരെയും അവർ അവിശ്വാസികളായി കണക്കാക്കുന്നു.

സ്പഷ്ടമായും ചുരുക്കിപറഞ്ഞാൽ ശിയാക്കളോ, സുന്നത്തുജമാഅത്തോ, ദയോബന്ദികളോ, ബറേൽവികളോ മുസ്ലിംകൾ അല്ല. വീക്ഷണ വ്യത്യാസത്തിൽ വന്ന മാറ്റത്താൽ, ഇസ്ലാമിക് ഭരണകൂടത്തിൽ, ഇവരിൽ ഒരു വിഭാഗത്തിന് അധികാരം കിട്ടിയാൽ മറ്റേ വിഭാഗത്തിന് വധശിക്ഷ നല്കാവുന്നതാണ്. കാരണം ഒരു വിഭാഗം മറ്റൊരു വിഭാഗത്തെ കാഫിർ എന്ന് വിധിച്ചിരിക്കുന്നു.

ഈ തത്വസംഹിതയുടെ അനന്തരഫലത്തെപ്പറ്റി വിധി പറയുവാൻ കൂടുതൽ ചിന്തിക്കേണ്ടതില്ല. യഥാർത്ഥ മുസ്ലിംമിന്റെ നിർവ്വചനത്തെപറ്റി രണ്ടു പണ്ഡിതന്മാർ പോലും യോജിക്കാത്തതിന്റെ കാരണം ഇതുമൂലം വ്യക്തമാകുമല്ലോ.

**DO YOU AGREE WITH THIS CONCEPTION?**

**ഈ ആശയവുമായി നിങ്ങൾ യോജിക്കുന്നുവോ?**

ഭൂരിപക്ഷ വിഭാഗത്തിന്റെ ഈ പറയപ്പെട്ട പണ്ഡിതന്മാരേ! അഹ്മദിമുസ്ലിംകൾ മൗറിഷ്യസിൽ ഭൂരിപക്ഷമാവുകയാ

ണെങ്കിൽ, ഒരിക്കൽ അതങ്ങനെയാവുന്നതാണ്. ഇൻശാഅല്ലാഹ് (അപ്പോൾ) ഇപ്പോൾ സുന്നത്തുജമാഅത്തിലെ ആളുകൾ അഹ്മദീ മുസ്ലികളോട് ചെയ്യുന്നതുപോലെ, അന്ന് അഹ്മദിമുസ്ലിംകൾ ഭൂരിപക്ഷമാകുമ്പോൾ ഇന്ന് നിങ്ങൾ ചെയ്യുന്നതുപോലെ അഹ്മദികൾ ചെയ്താൽ, അഹ്മദികളല്ലാത്ത നിങ്ങൾ ഈ നടപടിയെ ശ്ലാഘിക്കുമോ? ഒരിക്കലുമില്ല, ഈ സമീപനത്തെ ബുദ്ധിയുള്ള എല്ലാവരും അപലപിക്കും. ഇത് ഏകാധിപത്യപരവും അടിച്ചമർത്തലുമാണ് എന്ന് ഉറക്കെപറയും! അപ്പോൾ പിന്നെ ന്യൂനപക്ഷമായ അഹ്മദികളോട് നിങ്ങൾ കാണിക്കുന്ന അസഹിഷ്ണുത എങ്ങനെയാണ് അംഗീകരിക്കുവാൻ കഴിയുക?

മുസ്ലിമും കാഫിറും തമ്മിലുള്ള വേർതിരിവിന്റെ പ്രയാസങ്ങളൊന്നും ആദ്യകാല മുസ്ലിംകൾ അഭിമുഖീകരിക്കേണ്ടി വന്നിട്ടില്ല. സഹാബെ കിറാമിന്റെ കാലഘട്ടത്തിൽ, പ്രസ്തുത തലമുറയിൽ, അത് തർക്കത്തിന്റെയും ചർച്ചയുടെയും വിഷയവുമായിരുന്നില്ല. താബിഈങ്ങളിലോ, താബിഇ താബിഈങ്ങളിലോ, ഇത് തർക്കത്തിന്റെ വിഷയമായിരുന്നില്ല, ഹസ്രത് മുഹമ്മദ് മുസ്തഫ (സ)യുടെ വഫാത്തിന് ശേഷം പതിന്നാലു നൂറ്റാണ്ടുകളിലും ജീവിച്ചു മരിച്ച മുസ്ലിംകൾക്കിടയിൽ ഇതൊരു തർക്കവിഷയമേ ആയിരുന്നില്ല.

ബൗദ്ധികാധപതനത്തിന്റെ കാലങ്ങളിൽ പോലും ഒരു മുസ്ലിമും ഒരു കാഫിറും തമ്മിലുള്ള വ്യത്യാസം സുവ്യക്തമായിരുന്നു. ഇസ്ലാമിക ചിന്താധാരയുടെ അധഃപതനം മൂലം ഇപ്പോൾ, ഈ വിഷയം ഒരു വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്.

ആരാണ് കാഫിർ? ഇപ്പോൾ ഈ ചോദ്യം മുസ്ലിംകൾക്ക് അവഗണിക്കുവാൻ കഴിയുകയില്ല. ഇസ്ലാമും കുഫ്റും തമ്മിലുള്ള വ്യത്യാസം കൃത്യമായും സുവ്യക്തമായും വ്യക്തമാക്കേണ്ടതായിട്ടുണ്ട്. കുറ്റവാളിയെയോ തൊണ്ടി സാധനങ്ങളെയോ ഒളിപ്പിക്കാതെ ഇത് വ്യക്തമാക്കേണ്ടത് അവരുടെ നിലനില്പിന്റെ തന്നെ ആവശ്യമായിരിക്കുന്നു. ഇസ്ലാമിക ചരിത്രത്തിന്റെ ഏറ്റവും നല്ല നൂറ്റാണ്ടുകളിൽ മുസ്ലിംകൾ ആരാണെന്നു തിരിച്ചറിഞ്ഞിരുന്നതുപോലെ!

ഇസ്ലാം സമാനതകളില്ലാത്ത ഒരു മതമാണ്. അതിന്റെ അധ്യാപനങ്ങളും സമാനതകളില്ലാത്തതാണ്. മറ്റെല്ലാ മതങ്ങളിൽ നിന്നും, ആശയങ്ങളിൽ നിന്നും, തത്വസംഹിതകളിൽ നിന്നും വ്യവസ്ഥകളിൽ നിന്നും സുവ്യക്തമായി, അത് സ്വയം വേറിട്ടു നില്ക്കുന്നു. ഇസ്ലാമിനും കുഫ്റിനും ഇടയിൽ നിഴൽ മേഖലകളൊന്നും തന്നെയില്ല. വിശുദ്ധഖുർആൻ അത്തരം ആശയങ്ങളെ പരസ്യമായി നിരാകരിക്കുന്നു.

“അപ്പോൾ സത്യത്തിനപ്പുറം വഴികേടല്ലാതെ മറ്റെന്താണുള്ളത്”? 10:33 (സൂറത്തു യൂസ്ഫ്)

“പറയുക, ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യമാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ വിശ്വസിക്കട്ടെ. ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ” (18:30) (സൂറ : അൽകഹ്ഫ്)

ഇസ്ലാം സമാനതകളില്ലാത്ത ഒരു മതമായിരിക്കെ, മുസ്ലിം സമുദായം അതു സ്വയം തന്നെ മറ്റെല്ലാവിധ ആശയങ്ങളിൽ നിന്നും വേറിട്ടു നില്ക്കുന്നു. അതിന്റേതായ ഇസ്ലാമിക അധ്യാപനങ്ങളാൽ, അത് സമാനതകളില്ലാത്ത അധ്യാപനങ്ങളുമാണ്. മുസ്ലിംകൾ അവരുടെ സംസ്ക്കാരത്തിന്റെ നിറവിൽ തന്നെ അത് സ്വയം വേറിട്ടു നില്ക്കുന്നു. അത് സ്വയം സമർപ്പിക്കുന്ന സമ്പൂർണ്ണമായ അതിന്റെ നിയമങ്ങളാൽ! അവരുടെ ചിന്തകളും ആശയങ്ങളും അവർ സമർപ്പിക്കുന്ന ജീവിത സന്ദേശങ്ങളും, സ്വയം വേറിട്ടു നില്ക്കുന്നതാണ്.

ഇസ്ലാമും കുഫ്റും തമ്മിൽ സുവ്യക്തമായ വ്യത്യാസം ഉണ്ടായിരിക്കെ, അവ വേണ്ടവണ്ണം ഗ്രഹിക്കാതെ, മനസ്സിലാക്കാതെ, മുഹമ്മദിയ്യാ സമൂഹം (മുസ്ലിംകൾ) അതുപോലെ ഇസ്ലാമിക അഖീദ(ഇസ്ലാമിക അധ്യാപനങ്ങൾ)യും വേണ്ടവണ്ണം ഗ്രഹിക്കാതെ, ഇവ രണ്ടും അവയുടെ മഹോന്നതമായ, സമാനതകളില്ലാത്ത പദവിയിൽ നിന്നും ആട്ടിഓടിക്കപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ആധുനിക മുസ്ലിംകളെ കുറിച്ച് കേൾക്കുന്നതിൽ എന്ത് അത്ഭുതമാണുള്ളത്. അതായത് ഒരു മുസ്ലിമും കാഫിറും തമ്മിൽ യാതൊരു വ്യത്യാസവുമില്ല എന്ന്! അതിശയ

കരമായ കാര്യം തന്നെ!ഇതെപറ്റി നിങ്ങളെന്തുപറയുന്നു?

ഒരു യഥാർത്ഥ കാഫിർ ആരാണ്? എന്നത് സംബന്ധിച്ച് ഒരു യഥാർത്ഥ നിർവചനം നിങ്ങൾക്ക് നല്കുക എന്നതാണ് എന്റെ പ്രഥമമായ ലക്ഷ്യം. കാഫിർ എന്ന വാക്കിലൂടെ ലോക മെങ്ങും ഉണ്ടായിരിക്കുന്ന തെറ്റിദ്ധാരണ നീക്കം ചെയ്യുകയാ ണിതിന്റെ ഉദ്ദേശ്യം. ഉമ്മത്തെ മുഹമ്മദിയ്യായ്ക്ക് മുസ്ലിമും കാഫിറും തമ്മിലുള്ള വ്യക്തവും ശരിയായതുമായ വ്യത്യാസം അവർക്ക് മനസ്സിലാക്കുവാൻ സാധിക്കുകയും, അവരുടെ കൂടു തൽ സമയവും അല്ലാഹുവിന്റെ കല്പനപ്രകാരമുള്ള ഇബാദ ത്തിൽ മുഴുകുവാൻ സാധിക്കുന്നതുമാണ്. അവന്റെ പ്രീതിയും അനുഗ്രഹങ്ങളും എന്തിലൂടെയാണെന്ന് അവർക്ക് നോക്കികാ ണുവാൻ കഴിയുന്നതുമാകുന്നു. ഇൻശാ അല്ലാഹ്! അത്തരം പ്രവർത്തനങ്ങളിലൂടെ, അവർക്ക് ഇസ്ലാമിന്റെ തത്വം, ആശയം എളുപ്പത്തിൽ ഗ്രഹിക്കുവാനും, ശരിയായ ഇസ്ലാമിക തത്വങ്ങള നുസരിച്ച്, ഒരു മതം എന്ന നിലയിൽ, ശരിയായ നിലയിൽ നിത്യ ജീവിതത്തിൽ പകർത്തുവാനും സാധിക്കുന്നതാണ്. അതിനെ തുടർന്ന് ഉമ്മത്തെ മുഹമ്മദിയ്യായ്ക്ക് ഒരിക്കൽകൂടി മാനവകു ലത്തെ ഭരിക്കുവാൻ കഴിയും. ലോകമെങ്ങും ഇസ്ലാമിന്റെ സന്ദേ ശം, അല്ലാഹു(ത) കല്പിച്ച പ്രകാരം പ്രബോധിക്കുവാനും സാധിക്കുന്നതാണ്.

ആരാണ് കാഫിർ? എന്ന ചോദ്യത്തിനും, മറ്റു ചില പ്രശ്ന ങ്ങൾക്കും നേരിട്ടോ അല്ലാതെയോ ഉയർത്തിയ ചോദ്യങ്ങൾക്കും, ഈ ചെറുപുസ്തകം ഉത്തരം തേടുന്നു. ഇസ്ലാമിന്റെ ആവിർഭാ വത്തിന് മുൻപുള്ള മതങ്ങൾ, കുഫ്ഫാറുക (അവിശ്വാസികൾ) ളുടെ കഠിന പ്രവർത്തനങ്ങൾ, ഈ പറയപ്പെടുന്ന മുസ്ലിംകളുടെ കാര്യങ്ങൾ തുടങ്ങിയവയ്ക്കും ഉത്തരം കണ്ടെത്തുകയാണ്.

## THE CRITERIA:മാനദണ്ഡങ്ങൾ/അളവുകോലുകൾ

ഇസ്ലാമിനെപറ്റിയും, കുഫ്റിനെപറ്റിയും ഞാൻ നിർവചി ക്കുന്നതിനു മുൻപ്, മുസ്ലിംകൾ നിശ്ചയമായും മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്, അതായത് ഇതു നിർവ്വചിക്കുവാൻ പറ്റിയ ശരി യായ വ്യക്തി ആരാണ്? ഒരു ആശയത്തെ മൂല്യനിർണ്ണയം നട ത്തേണ്ട മാനദണ്ഡങ്ങളും അതിർവരമ്പുകളും ആരാണ്

സ്ഥാപിക്കുന്നത്?

ഒരു മുസ്ലിം ആയിതീരുന്നതിനുള്ള പ്രഥമ നടപടി ശഹാദ:(കലിമ) ചൊല്ലലാണ്. ആരാധനയ്ക്കർഹൻ അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് (സ) അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. ഇലാഹ് എന്ന വാക്ക് ദൈവം ആണെന്ന് വിവിധ മതങ്ങൾ തുടർച്ചയായി ദുർവ്യാഖ്യാനം ചെയ്തിട്ടുണ്ട്. അതായത് ക്രിസ്തുമതം, ജൂതമതം, ഹിന്ദുമതത്തിൽ പോലും, അവർ ഏകദൈവത്തിൽ വിശ്വസിക്കുന്നു എന്നവകാശപ്പെടുന്നതിനായി അഥവാ പരമോന്നതമായ ശക്തി പ്രഭാവത്തിനായി പ്രസ്തുത വാക്ക് ഉപയോഗിച്ചിട്ടുണട്. ഇത്തരം സന്ദർഭത്തിൽ ഇസ്ലാമും മറ്റു മതങ്ങളും തമ്മിൽ ഒരു വ്യത്യാസവുമില്ല. യഥാർത്ഥത്തിൽ ഇലാഹ് എന്ന വാക്ക്, അറബിഭാഷയിൽ, താഴെ പറയുന്ന നിലയിലാണ് അത് നിർവചിച്ചിട്ടുള്ളത്. നാം ആരാധിക്കുന്നതാരെയോ അതിനെ ഈ നിർവചനത്തിന് വളരെ വലിയ വിവക്ഷിതാർത്ഥങ്ങളുണ്ട്.

“ക്രിസ്ത്യാനികളെയും ജൂതന്മാരെയും സംബന്ധിച്ചിടത്തോളം വിശുദ്ധഖുർആൻ ഈ വചനത്തിൽ പരാമർശിക്കുന്നത്, തങ്ങളുടെ മതപണ്ഡിതന്മാരെയും പുരോഹിതന്മാരെയും മർയമിന്റെ മകൻ മസീഹിനേയും അല്ലാഹുവിന് പുറമെ അവർ രക്ഷകർത്താക്കളായി വച്ചിരിക്കുകയാണ്. വാസ്തവത്തിൽ, ഒരേയൊരു ദൈവത്തെ ആരാധിക്കാനല്ലാതെ അവരോട് കല്പിക്കപ്പെട്ടിട്ടില്ല” (9: 31) സൂറ:അത്തൗബ

ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ഈ വചനം പാരായണം ചെയ്തപ്പോൾ, ഒരിക്കൽ വേദഗ്രന്ഥത്തിന്റെ ആൾക്കാരിൽപ്പെട്ട ആളായിരുന്ന ഒരു സഹാബി, നബികരീം(സ) നോടു പറയുകയുണ്ടായി. ഞങ്ങൾ അവരെ ആരാധിച്ചിട്ടില്ല. അല്ലെയോ! ദൈവദൂതരെ ! അപ്പോൾ പ്രവാചക പ്രഭു മുഹമ്മദ് മുസ്തഫ(സ) അദ്ദേഹത്തോട് ചോദിച്ചു. അല്ലാഹു(ത) അനുവദിച്ചതിനെ അവർ തടയുകയുണ്ടായിട്ടുണ്ടോ? അല്ലെങ്കിൽ അല്ലാഹു(ത) അനുവദിച്ചതിനെ, അവർ അനുവദിക്കാതിരുന്നിട്ടുണ്ടോ? ഈ തത്വങ്ങൾ നിങ്ങൾ പിന്തുടർന്നിട്ടുണ്ടായിരുന്നിട്ടുണ്ടോ? അപ്പോൾ

പ്രസ്തുത സഹാബി അതെ, എന്ന് പറയുകയുണ്ടായി. അല്ലാഹു(ത) യുടെ ദൂതൻ തുടർന്നു പറയുകയുണ്ടായി അതാണ് നിങ്ങളുടെ ആരാധന.

ഈ സംഭവം വ്യക്തമാക്കുന്നത് ഇലാഹ് എന്ന വാക്കിന്റെ നിർവചനം മറ്റൊരു വ്യക്തിയുടെ ജീവിതത്തിൽ ആഞ്ജാപിക്കുന്നതും, ഇലാഹിൽപ്പെടുന്നു. ഇസ്ലാമിൽ, ഇബാദത്ത് എന്ന ആശയത്തിന്, നമസ്ക്കാരം നിർവ്വഹിക്കുക അല്ലെങ്കിൽ ഹജ്ജ് നിർവ്വഹിക്കുക എന്നതിനപ്പുറത്തേക്ക് അതിന് കൂടുതൽ വലിയ ലക്ഷ്യാർത്ഥങ്ങളുണ്ട്, അല്ലാഹുവിന് ഇബാദത്ത് ചെയ്യുക എന്നതു കൊണ്ടുള്ള അർത്ഥം, വിശുദ്ധഖുർആനിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ള അല്ലാഹുവിന്റെ നിയമങ്ങൾ അനുസരിക്കുകയും സമ്പൂർണ്ണമായി അവന്റെ മുൻപിൽ അവനെ സമർപ്പിക്കുകയും ചെയ്യുക എന്നതാണ്.

" വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നു. വിശ്വാസികളെ നിങ്ങളെല്ലാവരും സമ്പൂർണ്ണമായ അനുസരണ (വൃത്തത്തിൽ) പ്രവേശിക്കുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരരുത്. നിശ്ചയമായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു" (2:209)

ഇത്തരം നിർവചനങ്ങളനുസരിച്ച് ഓരോ മുസ്ലിമും അവർ സ്വയം അഹ്ക്കാമെ ശരീഅത്തിലേക്ക് (ശരീഅത്ത് വിധികളിലേക്ക്) തിരിയേണ്ടതാണ്. അവരുടെ എല്ലാ ആശയങ്ങളുടെയും ആദർശങ്ങളുടെയും ഉറവിടം അവിടെ നിന്നായിരിക്കണം. ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം, അല്ലാഹു(ത) ആയിരിക്കണം ഇസ്ലാമിനെ നിർവ്വചിക്കുന്നത്! അതുപോലെ **കുഫ്ർ** എന്താണെന്ന് നിർവ്വചിക്കുന്നതും അവനായിരിക്കണം. അതുപോലെ തന്നെ മറ്റേത് ആശയമായാലും ആദർശമായാലും അവൻ തന്നെയാണ് നിർവ്വചിച്ചുതരേണ്ടത്.

"ആകാശങ്ങളുടെയും ഭൂമിയുടെയും രഹസ്യങ്ങൾ അല്ലാഹുവിനുള്ളതാണ്. എല്ലാ കാര്യങ്ങളും അവങ്കലേക്കാണ് മടക്കപ്പെടുന്നത്" (11:124)

## THE DEFINITION : നിർവ്വചനം

അല്ലാഹു (ത) സ്ഥാപിച്ചിട്ടുള്ള വിശ്വാസത്തിന് പുറത്തുള്ളതോ, അവൻ സ്ഥാപിച്ചിട്ടുള്ള വിശ്വാസ പരിധിക്ക് പുറത്തുകടക്കുകയോ ചെയ്യുന്നതെല്ലാം കുഫ്ർ വിഭാഗത്തിൽപ്പെടുന്നു. അഥവാ അനർത്ഥകാരികളുടെ പ്രവർത്തനങ്ങളാണ് എന്ന് മനസ്സിലാക്കുക.

കഫറ എന്ന റൂട്ടിൽ നിന്നുമാണ് കുഫ്ർ, കാഫിർ എന്നീ വാക്കുകൾ ലഭ്യമായിട്ടുള്ളത്. ഭാഷാപരമായ അർത്ഥം മൂടുക, മറയ്ക്കുക എന്നാകുന്നു. ഒരു കർഷകനെപോലും നമുക്ക് പറയാവുന്നതാണ് കാഫിർ എന്ന്, അതിന്റെ ഭാഷാപരമായ അർത്ഥത്തിൽ! കാരണം അവൻ വിത്ത് മണ്ണിലിട്ട് മൂടുന്നു. അതുപോലെ ഒരു മുസ്ലിം വനിതയ്ക്കും നമുക്ക് കാഫിറാ എന്ന് പറയുവാൻ കഴിയും, കാരണം ഹിജാബ് തലയിൽ സ്വയം മൂടുന്നു അഥവാ മറയ്ക്കുന്നു.

എന്നാൽ പ്രസ്തുത വാക്ക് ശരീഅത്തിൽ പ്രയോഗവത്ക്കരിക്കുമ്പോൾ, ഭാഷാപരമായ അർത്ഥത്തിൽ നിന്നും ഉയർന്ന്, അത് ആധിപത്യം നേടുന്നു. ഉദാഹരണമായി പറഞ്ഞാൽ ജിഹാദ് എന്ന വാക്കിന്റെ അർത്ഥം പോരാടൽ എന്നാണ്, എന്നാൽ ശരീഅത്തിൽ ജിഹാദ് എന്നാൽ യുദ്ധം ആണ്. അതായത് അൽഖിത്താൽ അതായതു ഖലീഫയുടെ സൈന്യം നടത്തുന്ന ഭൗതികയുദ്ധം, ഇസ്ലാം പ്രബോധനത്തിനുള്ള തടസ്സങ്ങളെ എല്ലാം ഇല്ലായ്മ ചെയ്യുന്നതിനായി.

അതുപോലെ ഭാഷാപരമായി ഹജ്ജ എന്നാൽ പോവുക എന്നാണ് അർത്ഥം. ഭാഷാപരമായി ഇതിന്റെ അർത്ഥം കണക്കാക്കിയാൽ നിങ്ങൾ സാധനം വാങ്ങുന്നതിനായി പോകുന്നതിന് ഹജ്ജിന് പോയി എന്നു പറയാം. ഭാഷാപരമായി നമുക്ക് ഇങ്ങനെ ഉപയോഗിക്കാവുന്നതാണ്.

“ ആയതിനാൽ, ഇസ്ലാമിലെ ആശയങ്ങൾ, നിയമങ്ങൾ ഇവയെ നിർവചിക്കുന്നത് ശരീഅത്താണ്, അപ്പോൾ പിന്നെ അതേ തത്വങ്ങൾ കാഫിർ, കുഫ്ർ എന്നീ വാക്കുകൾക്കും ബാധകമാണ്. സമുന്നതരായ ഇസ്ലാമിക ബുദ്ധിജീവികളുടെ അഭിപ്രായ

പ്രകാരം കുഫ്ർ എന്നതിന്റെ അർത്ഥം അല്ലാഹുവിലുള്ള വിശ്വാസത്തെ നിരസിക്കുക, എന്നാകുന്നു, സമാനതകളില്ലാത്ത ദൈവത്തെ നിരസിക്കുക. അതുപോലെ മുഹമ്മദ് മുസ്തഫ(സ)യുടെ പ്രവാചകത്വവാദത്തെയും നിരസിക്കുക, ഇതാണ് കുഫ്ർ. ശരീഅത്ത് പ്രകാരം വിശുദ്ധുഖുർആനിൽ അല്ലാഹു(ത) പറയുന്നു. "അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുകയും അല്ലാഹുവിനും അവന്റെ ദൂതന്മാർക്കുമിടയിൽ വിവേചനം കല്പിക്കുന്നതിന് ഉദ്ദേശിക്കുകയും, ഞങ്ങൾ ചിലരിൽ വിശ്വസിക്കുന്നു, ചിലരിൽ അവിശ്വസിക്കുകയും ചെയ്യുന്നു, എന്ന് പറയുകയും, അതിനു മധ്യേ മറ്റൊരു മാർഗം സ്വീകരിക്കുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് യഥാർത്ഥ അവിശ്വാസികൾ. അവിശ്വാസികൾക്ക് നാം അപമാനകരമായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട്." (4:151,152)

## KUFR IS DIVIDED INTO SEVERAL CATEGORIES

## കുഫ്ർ പലവിധമുണ്ട്

**1. കുഫ്ർ അത്തക്ദീബ് അഥവാ ഇസ്ലാമിനെ നിരസിക്കുക ഈ വചനങ്ങളിലൂടെ പറഞ്ഞതുപോലെ!**

"എന്നാൽ, അല്ലാഹുവിന്റെ പേരിൽ കളവ് പറയുകയും അപ്രകാരം തന്നെ തന്റെയടുക്കൽ സത്യം വന്നപ്പോൾ അതിനെ നിഷേധിക്കുകയും ചെയ്യുന്നവനെക്കാൾ അക്രമി ആരാണ്? സത്യനിഷേധികൾക്കുള്ള വാസസ്ഥലം നരകത്തിലല്ലേ" ? (39:33)

"തീർച്ചയായും അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ മതം ഇസ്ലാം(പരിപൂർണ്ണമായി അനുസരണം പുലർത്തുക) ആകുന്നു" (3:20)

"ഏതൊരാൾ ഇസ്ലാം അല്ലാതെ മറ്റുവല്ല മതവും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവോ, (അയാൾ അറിഞ്ഞിരിക്കട്ടെ) അത് അയാളിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. പരലോകത്ത് അയാൾ നഷ്ടമനുഭവിക്കുന്നവരിൽപ്പെട്ടവനുമായിരിക്കും" (3:86)

**2. കുഫ്റുൽ ഇബാവത്തു കബ്ബുർ വതസ്ദീഖ്**

അല്ലാഹുവിനെയും അവന്റെ കല്പനകളെയും അംഗീകരിക്കുന്നതിനെ നിരസിക്കൽ, കീഴ്വണക്കം അംഗീകരിച്ച ശേഷം

അഹംഭാവത്താൽ നിരസിക്കുക.

നിങ്ങൾ ആദമിന് വഴിപ്പെടുക എന്ന് മലക്കുകളോട് നാം പറഞ്ഞ സന്ദർഭം (സ്മരിക്കുക) അപ്പോൾ അവർ വഴിപ്പെട്ടു. പക്ഷേ, ഇബ്‌ലീസ് (വഴിപ്പെട്ടില്ല) അവൻ വിസമ്മതിക്കുകയും അഹങ്കരിക്കുകയും ചെയ്തു. അവൻ നിഷേധികളിൽപ്പെട്ടവനായിരുന്നു. (2:35)

**3. കഫ്റുശ്ശക്ക് വദത്ത് : നിരാസം അഥവാ ഈമാൻ കാര്യങ്ങളിൽ ഏതിലെങ്കിലും സംശയം ഉണ്ടാവുക.**

“തന്റെ ആത്മാവിനോട് തന്നെ അക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കെ അവൻ തന്റെ തോട്ടത്തിൽ പ്രവേശിച്ചു. അവൻ പറഞ്ഞു. ഇത് എപ്പോഴെങ്കിലും നശിച്ചുപോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇനി ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് തിരിച്ചയയ്ക്കപ്പെട്ടാൽ തന്നെയും ഇതിനെക്കാൾ നല്ലൊരു രക്ഷാസങ്കേതം ഞാൻ കണ്ടെത്തുന്നതുമാണ്. അവന്റെ കൂട്ടുകാരൻ അവനുമായി സംഭാഷണം നടത്തിക്കൊണ്ടിരിക്കെ അവനോടു പറഞ്ഞു. നിന്നെ(ആദ്യം) മണ്ണിൽ നിന്നും പിന്നീട് രേതസ്കണത്തിൽ നിന്നും സൃഷ്ടിക്കുകയും, എന്നിട്ട് നിന്നെ ഒരു ഉത്തമ പുരുഷനായി രൂപപ്പെടുത്തുകയും ചെയ്തിരിക്കുന്നവനെ നീ നിഷേധിക്കുന്നുവോ? എന്നാൽ, (എന്നെ സംബന്ധിച്ചിടത്തോളം ഞാൻ വിശ്വസിക്കുന്നത്) അല്ലാഹു മാത്രമാണ് എന്റെ നാഥൻ എന്നത്രേ. എന്റെ നാഥന്റെ കൂടെ ഞാൻ ഒരാളേയും പങ്കാളിയാക്കുകയുമില്ല” ( 18:36–39)

**4. കുഫ്റുൽഇറാദ് : സത്യത്തിൽ നിന്നും സ്വയമേവ പിന്തിരിയുക.**

“ആകാശങ്ങളെയും ഭൂമിയേയും അവയ്ക്കിടയിലുള്ളവയേയും ന്യായമായ ആവശ്യത്തിനുവേണ്ടിയും ഒരു നിശ്ചിത അവധിക്ക് വിധേയമായുമല്ലാതെ നാം സൃഷ്ടിച്ചിട്ടില്ല. എന്നാൽ തങ്ങൾക്ക് താക്കീത് ചെയ്യപ്പെട്ട കാര്യങ്ങളിൽ നിന്ന് അവിശ്വസിച്ചവർ പിന്തിരിഞ്ഞു പോകുന്നവരാണ്” (46:4)

**5. കുഫ്റുത്തിഫാഖ് : കാപട്യവിശ്വാസം**

“ അവർ തങ്ങളുടെ ശപഥങ്ങളെ ഒരു കവചമാക്കി വെച്ചിരി

ക്കുകയാണ്. അങ്ങനെ അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് അവർ (മനുഷ്യരെ) തടയുന്നു. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് വളരെ ചീത്തയായതുതന്നെ. അതിനു കാരണം അവർ വിശ്വസിക്കുകയും, പിന്നീട് നിഷേധിക്കുകയും ചെയ്തുവെന്നതാണ്. തന്നിമിത്തം അവരുടെ ഹൃദയങ്ങൾക്ക് മുദ്ര വെയ്ക്കപ്പെട്ടിരിക്കുന്നു. അതിനാൽ (അവർ)യാഥാർത്ഥ്യം ഗ്രഹിക്കുന്നില്ല" (63:3–4)

ഹീനമായ ഏതൊരു പ്രവർത്തി ചെയ്യുന്ന ആളിനെയും കാഫിർ എന്ന് കരുതാവുന്നതാണ്. ഇസ്ലാമിൽ ഒരു കറുത്തപുള്ളിയും ഇല്ല. ഒരു മനുഷ്യനെ വിശ്വാസി എന്നും മുസ്ലിം അല്ല എന്നും പറയുവാനുള്ള ഒരു പഴുതുമില്ല.

ഇസ്ലാം ഒരു മനുഷ്യനെ നിർവചിക്കുന്നത് ഒന്നുകിൽ അവനൊരു മുസ്ലിം ആണ് അല്ലെങ്കിൽ അവനൊരു കാഫിർആണ് എന്നാകുന്നു. ഒരു മുസ്ലിം ഇസ്ലാമിയ്യ അഖീദായിൽ വിശ്വസിക്കുന്നവനാണ്. ഇസ്ലാം അവന്റെ മതമാണ് എന്ന് അംഗീകരിക്കുന്ന ഇസ്ലാമിക തത്വസംഹിതയിൽ വിശ്വസിക്കുന്നവനാണവൻ, മറിച്ച് ഒരു കാഫിർ എന്നാൽ ഇസ്ലാം അല്ലാത്ത ഏത് തരത്തിലുള്ള വിശ്വാസത്തിലോ തത്വത്തിലോ വിശ്വസിക്കുന്നവനാണ്. അല്ലെങ്കിൽ ഇസ്ലാമിന്റെ അടിസ്ഥാനതത്വങ്ങളിൽ ഏതെങ്കിലും ഒന്നു നിരാകരിക്കുന്നവനെ കാഫിർ എന്ന് വിവക്ഷിക്കാം. ഒരാൾ അല്ലാഹുവിൽ വിശ്വസിക്കുന്നു എന്നവകാശപ്പെടുകയും എന്നാൽ മുഹമ്മദ് മുസ്തഫ(സ)യെ പ്രവാചകനായി അംഗീകരിക്കുവാൻ കൂട്ടാക്കാതിരിക്കുകയും ചെയ്താൽ അഥവാ ഒരാൾ അല്ലാഹുവിന് ഒരു പുത്രനുണ്ട് എന്ന് പറയുവാൻ ധൈര്യപ്പെടുകയും ചെയ്താൽ, അഥവാ അവൻ അല്ലാഹു പലരൂപത്തിൽ നിലനില്ക്കുന്നതാണ്, എന്ന് വിശ്വസിച്ചാൽ, അവൻ ഇസ്ലാമിക ശരീ അത്തിൽ നിന്നും പുറത്താകുന്നു.

ഇസ്ലാമിന്റെ അധ്യാപനങ്ങളെ ആശ്ലേഷിച്ച ഒരാൾ ബൈബിളിന്റെ അധ്യാപനങ്ങളെ പിന്തുടരുകയും ചെയ്താൽ അയാൾക്ക് മുസ്ലിമായിരിക്കുവാൻ കഴിയുകയില്ല. ഒരു മുസ്ലിം ഇസ്ലാമിൽ വിശ്വസിക്കാതിരിക്കുവാനും, ഒരു മുസ്ലിമും ഒരു മുസ്ലിം അല്ലാത്തവനും ഒരേസമയം ഒന്നായിരിക്കുകയും ചെയ്യുക എന്നതും അല്ലാഹു

വിന്റെ പ്രകൃതി നിയമത്തിന് എതിരാണ്. ഒരു കമ്മ്യൂണിസ്റ്റുകാരന് ഒരു വർഗ്ഗീയ വാദി ആയിരിക്കുവാൻ കഴിയുകയില്ല. ഒരു ക്രിസ്ത്യാനി ബൈബിളിൽ വിശ്വസിക്കുന്നില്ല എന്നു കരുതുവാൻ സാധിക്കുകയില്ല. ഒരേസമയം ഒരു ജൂദനായിരിക്കുകയും ജൂതനല്ലാതായിരിക്കുകയും ചെയ്യുക സാധ്യമല്ല.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഒരു കുഴപ്പക്കാരൻ ചോദ്യം ചെയ്യപ്പെടുന്നതാണ്. ഭൂമിയോളം സ്വർണ്ണം നിങ്ങളുടെ അധീനതയിലുണ്ടെന്ന് കരുതുക. നരകാഗ്നിയിൽ നിന്നും രക്ഷപ്രാപിക്കുവാൻ അത് ഒരു പിഴയായി നല്കുവാൻ പറഞ്ഞാൽ നിങ്ങൾ കൊടുക്കുമോ? അവൻ അതെ! കൊടുക്കുവാൻ തയ്യാറാകും എന്ന് മറുപടി പറഞ്ഞു. അതേ തുടർന്ന് അവൻ വീണ്ടും ചോദിക്കപ്പെട്ടു. നിങ്ങളോട് ഇതിനേക്കാൾ എളുപ്പമുള്ള ഒരു കാര്യം ചെയ്യുവാനല്ലേ പറയപ്പെട്ടത്. അല്ലാഹുവിനെ ഇബാദത്ത് ചെയ്യുന്നതിൽ ആരെയും പങ്കുചേർക്കരുത് എന്ന്. (അതായത് ഇസ്ലാം അംഗീകരിക്കുന്നതിന്) എന്നാൽ നിങ്ങൾ അതിനെ നിരസിച്ചു.

അല്ലാഹുവിനെ ഇബാദത്ത് ചെയ്യുക എന്നതുകൊണ്ടർത്ഥമാക്കുന്നത് സമാനതകളില്ലാത്ത ദൈവമായ അല്ലാഹുവിൽ വിശ്വസിക്കുക എന്നതാകുന്നു. അവന്റെ എല്ലാ ഗുണങ്ങളിലും വിശ്വസിക്കേണ്ടതു തന്നെ. അല്ലാഹു(ത)യുടെ എല്ലാ നിയമവ്യവസ്ഥകളിലും വിശ്വസിക്കേണ്ടതാണ്. അതിന്റെ മുൻപിൽ സമ്പൂർണ്ണമായും കീഴടങ്ങേണ്ടതുമാകുന്നു. ഇതല്ലാത്ത മറ്റേതു രീതിയിലുള്ള ആരാധനയും കുഫ്ർ തന്നെയാണ്. നിർവ്വചനത്തിൽ അത്തരം വ്യക്തിയെ കാഫിർ എന്ന് തന്നെ വിളിക്കപ്പെടുന്നതാണ്.

## AHLUL-KITAB, MUSHRIKEEN, AND KAFIREEN

## ഗ്രന്ഥാനുസാരികൾ, മുശ്രിക്കീങ്ങൾ, കാഫിരീങ്ങൾ

അഹ്ലുൽ കിതാബ് എന്താണെന്ന് ഇസ്ലാം വളരെ വ്യക്തമായി നിർവ്വചിക്കുന്നുണ്ട്. അഹ്ലുൽ കിതാബ് എന്നാൽ ഗ്രന്ഥാനുസാരികൾ എന്നാണർത്ഥം. മുശ്രിക്കീൻ എന്നു പറ

ഞ്ഞാൽ ബഹുദൈവവിശ്വാസികൾ എന്നാണർത്ഥം. കാഫിരീൻ എന്നു പറഞ്ഞാൽ സത്യനിഷേധികൾ എന്നാണർത്ഥം. അഹ്‌ലുൽ കിതാബ് എന്ന് പറഞ്ഞാൽ, തൗറാത്തും ബൈബിളും ലഭിച്ച ജൂതന്മാരും ക്രിസ്ത്യാനികളുമാണ് ഇവിടെ വിവക്ഷിതമാക്കപ്പെടുന്നത്. മുശ്‌രിക്കീൻ എന്നതുകൊണ്ടുള്ള വിവക്ഷ, ദൈവത്തോടൊപ്പം മറ്റു ദേവതകളെയും ദേവന്മാരെയും ആരാനയിൽ പങ്കുചേർക്കുന്നവർ എന്നർത്ഥം. മുകളിൽ സൂചിതമായ കാഫിർ എന്നതുകൊണ്ടുള്ള അർത്ഥം ഒന്നോ അല്ലെങ്കിൽ അനേകം വിശ്വാസസംഹിതകളിലോ, വിശ്വസിക്കാതിരിക്കുക. അവന്റെ(ദൈവത്തിന്റെ) ഗുണങ്ങളിലും, ദൈവദൂതന്മാരിലും, മാലാഖമാരിലും, വിശുദ്ധഗ്രന്ഥങ്ങളിലും, പുനരുത്ഥാനനാളിലും വിശ്വാസിക്കാതിരിക്കുന്നവനെയാണ് കാഫിർ എന്നുപറയുന്നത്.

ഇക്കാരണത്താലാണ് അല്ലാഹു(ത) വെളിപാടിലൂടെ ഇത്തരം വിഭജനങ്ങൾ നടത്തിയിട്ടുള്ളത്. ദൗർഭാഗ്യവശാൽ, ശരിയായ മാർഗദർശനമില്ലാത്തതിനാൽ, സമുദായത്തിൽ, ഉമ്മത്തിൽ അനേകതരത്തിലുള്ള അഭിപ്രായഭിന്നതകളും, വഴക്കുകളും, തർക്കങ്ങളും ഉടലെടുത്തിട്ടുമുണ്ട്. നേരിട്ടും വളരെ വ്യക്തമായ നിലയിൽ, ചില വിഷയങ്ങളിൽ, പലപ്പോഴും ചില ചോദ്യങ്ങൾ ഉന്നയിക്കുമ്പോഴാണ് ഇതു സംഭവിക്കുന്നത്.

വേദഗ്രന്ഥം നല്കപ്പെട്ടവരെ എന്തുകൊണ്ടാണ് അല്ലാഹു (ത) മുശ്‌രിക്കീങ്ങൾ എന്ന് വിളിക്കാത്തത്? അവരും ധാരാളം വിഗ്രഹങ്ങളെ ആരാധിക്കുന്നുവല്ലോ? അല്ലെങ്കിൽ എന്തുകൊണ്ടാണ് അല്ലാഹു(ത) അവിശ്വാസികളെ മൂന്ന് വിഭാഗമായി തിരിക്കാതിരുന്നത്! അവരെ ഒറ്റ വിഭാഗമായി തിരിച്ചതെന്തേ? ഇതിന്റെ കാരണങ്ങൾ ഒരാൾക്കും ഊഹിക്കുവാൻ കഴിയുകയില്ല. എന്തുകൊണ്ടാണ് അല്ലാഹു(ത) ഈ പദങ്ങൾ ഉപയോഗിച്ചതെന്ന്! ഒരാൾക്കും തങ്ങളുടേതായ ഒരു കാരണം കണ്ടു പിടിക്കുവാനുള്ള അവകാശവുമില്ല. കാരണം ഇവകൾ വന്നത് അല്ലാഹുവിൽ നിന്നാകുന്നു എന്നതുകൊണ്ടാണ് അത്തരം നടപടിക്രമങ്ങൾ മനുഷ്യനെ, തള്ളുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നത്. അദൃശ്യനായവനെ ചോദ്യം ചെയ്യുവാൻ കഴിയുകയില്ല! അവൻ മനുഷ്യന്റെ ചിന്താപരിധിക്കകത്തല്ല; അവന്റെ പഞ്ചേന്ദ്രിയ

ങ്ങൾക്ക് ഗ്രാഹ്യവുമല്ല.

"അത്തരം ഊഹാപോഹങ്ങൾ, ഉമ്മത്തിന്റെ ബൗദ്ധിക വിഭവങ്ങളെ നഷ്ടപ്പെടുത്തിക്കളയുന്നതാണ്. അതുപോലെതന്നെ അവരുടെ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ ലഭിക്കുന്നതുമല്ല. അത്തരം ആളുകൾക്ക് വേണ്ടി വന്നാൽ ചോദിക്കാവുന്നതാണ്. എന്തിനാണ് ജിന്നിനെ തീയാൽ സൃഷ്ടിച്ചത്? അതുപോലെ ചോദിക്കാവുന്നതാണ് എന്തിനാണ് മനുഷ്യനെ കളിമണ്ണ് കൊണ്ട് സൃഷ്ടിച്ചത്? അഥവാ അവർക്ക് ചോദിക്കാം സൂര്യനെ എന്തിനാണ് കിഴക്കു നിന്ന് ഉദിപ്പിക്കുന്നത്? അതിനെ പടിഞ്ഞാറ് അസ്തമിപ്പിക്കുന്നത് എന്തിനാണ്? അത് തിരിച്ചു ചെയ്തു കൂടായിരുന്നുവോ? അദൃശ്യത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ അനന്തമായി അവശേഷിക്കുന്നതാണ്. ആത്മാവിന്റെ ധർമ്മം, ജോലി അല്ലാഹുവിന്റെ നിയമങ്ങൾക്ക് കീഴടങ്ങുക എന്നതുമാത്രമാണ്. അല്ലാതെ വിധിക്കുവാനോ, അല്ലാഹുവിന്റെ അറിവിനെ ചോദ്യം ചെയ്യുവാനോ അല്ല മുസ്ലിംകൾ കല്പിക്കപ്പെട്ടിരിക്കുന്നത്! അവർ കല്പിക്കപ്പെട്ടിരിക്കുന്നത് ഇസ്ലാമിന് സർവ്വത്മനാ കീഴടങ്ങുവാനാണ്, ഇസ്ലാമിക അധ്യാപനങ്ങൾ ഉൾക്കൊള്ളുന്ന വിശുദ്ധഖുർആന് സ്വയം കീഴടങ്ങുക എന്നതാണ്. അതുപോലെ നബികരിം(സ)യുടെ വാക്കുകൾക്കും പ്രവൃത്തികൾക്കും കീഴടങ്ങുക. (നേരെമറിച്ച്) വിശ്വാസികൾക്കിടയിൽ (വല്ലകാര്യത്തിലും) തീരുമാനം കല്പിക്കുവാനായി അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും അവർ വിളിക്കപ്പെട്ടാൽ ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തു എന്നു പറയുക മാത്രമായിരിക്കും അവരുടെ മറുപടി. അവർ തന്നെയാണ് വിജയികൾ" (സൂറ: അന്നൂർ 24:52)

അഹ്ലുകിതാബ്കാർ, മുശ്രിക്കീങ്ങൾ, കാഫിരീങ്ങൾ ഇവയ്ക്ക് ഇസ്ലാം നിർവചിച്ച പ്രകാരം, മുസ്ലിംകൾ അതിന്റെ നിർവ്വചനം മനസ്സിലാക്കേണ്ടതാണ്.

വിശുദ്ധഖുർആനിൽ അഹ്ലുകിതാബ്കാർക്ക് മറ്റൊരു പേര് നല്കിയിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്. ഇസ്ലാമിനും കുഫ്ർനും ഇടയിലുള്ള ഒരു പ്രത്യേക പദവി, പ്രത്യേകം

സ്ഥാനം അവർക്ക് അല്ലാഹു(ത) നല്കിയിരിക്കുന്നു എന്ന നിഗമനത്തിൽ നാം എത്തിച്ചേരേണ്ടതായി വരുന്നു. അഹ്ലുകിതാബുകാർ കുഫ്ഫാറുകളാണ് എന്നതിന് വിശുദ്ധഖുർആനിൽ ധാരാളം തെളിവുകളുണ്ട്, അത് വിശുദ്ധഖുർആനിൽ നല്ല നിലയിൽ വിവരിച്ചിട്ടുമുണ്ട്.

ഏതു രീതിയിൽ വിലയിരുത്തിയാലും, നാം മനസ്സിലാക്കിയിരിക്കേണ്ട ഒരു കാര്യം, മുസ്ലിംകളുടെ ഭാഗത്തു നിന്ന്, ഇത്തരം ഒരു വിഭാഗത്തിന് എതിരായ ഒരു സമീപനം ഉണ്ടാകുവാൻ പാടില്ലാത്തതാകുന്നു എന്നാകുന്നു. എന്നാൽ അത് കൂടുതൽ വിശദീകരിച്ചു പറഞ്ഞു തരുന്നത് മുസ്ലിംകൾ ഒരു പ്രത്യേക വിഭാഗമായി നിലകൊള്ളുക എന്ന് തന്നെയാണ്. കുഫ്റാളുകളുടെ അസ്ഥിത്വം നിങ്ങളിൽ നിന്നും തികച്ചും ഭിന്നമാകുന്നു. ആശയപരമായോ സാംസ്ക്കാരികമായോ അത് നിങ്ങളുമായി ചേർന്നു പോകുന്നതല്ല.

ഇസ്ലാം വിവരിക്കുന്നത്, ആരെങ്കിലും ഒരാൾ വിശ്വാസ സംഹിതയിലെ, ഒരു ഭാഗമോ അല്ലെങ്കിൽ എല്ലാം തന്നെയോ നിഷേധിക്കുകയാണെങ്കിൽ, അയാൾ കാഫിർനെപോലെയും, അഹ്ലുകിതാബിനെ പോലെയുമാകുന്നു. ആരെയും അതിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. വിശുദ്ധഖുർആനിലെ അനേകം വചനങ്ങൾ, ഇത്, വിവരിക്കുന്നതായിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് യാതൊരുവിധ അവ്യക്തതയും നിഴലിക്കാത്ത നിലയിൽ തന്നെ അത് വ്യക്തമാക്കിയിട്ടുള്ളതാകുന്നു. "തീർച്ചയായും അല്ലാഹു മർയമിന്റെ മകൻ മസീഹ് തന്നെയാണ് എന്നു പറയുന്നവർ സംശയംവിനാ അവിശ്വാസികളായിരിക്കുന്നു. പറയുക, അല്ലാഹു മർയമിന്റെ മകൻ മസീഹിനേയും അദ്ദേഹത്തിന്റെ മാതാവിനേയും ഭൂമിയിലുള്ള എല്ലാവരേയും നശിപ്പിക്കുവാനുദ്ദേശിക്കുന്നപക്ഷം അല്ലാഹുവനെതിരിൽ ആർക്ക് എന്ത് കഴിവാണുള്ളത്? ആകാശങ്ങളുടെയും ഭൂമിയുടെയും അവരണ്ടിനുമിടയിലുള്ളതിന്റെയും ആധിപത്യം അല്ലാഹുവിന്റേത് തന്നെയാണ്. താൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അല്ലാഹു എല്ലാ കാര്യത്തിനും പൂർണമായും കഴിവുള്ളവനാകുന്നു". (അൽമാഇദ:5:18)

“ഉസൈർ, ദൈവപുത്രനാണെന്ന് ജൂദന്മാർ പറയുന്നു. മിശിഹ, ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികളും പറയുന്നു. അവരുടെ വായ്കൊണ്ടുള്ള ഒരു പറച്ചിൽ മാത്രമാണത്. തങ്ങൾക്ക് മുമ്പുണ്ടായിരുന്ന ചില സത്യനിഷേധികളുടെ വാക്കുകളെ അവർ അനുകരിക്കുകയാണ്. അല്ലാഹു അവരെ ശപിക്കട്ടെ! അവർ എങ്ങനെയാണ് (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്”.

“തങ്ങളുടെ പണ്ഡിതന്മാരേയും പുരോഹിതന്മാരെയും മർയമിന്റെ മകൻ മസീഹിനെയും അല്ലാഹുവിന് പുറമെ അവർ രക്ഷകർത്താക്കളായി വച്ചിരിക്കുകയാണ്. വാസ്തവത്തിൽ, ഒരേ ഒരു ദൈവത്തെ ആരാധിക്കാനല്ലാതെ അവരോട് കല്പിക്കപ്പെട്ടിട്ടില്ല. അവനല്ലാതെ ഒരു ദൈവവും ഇല്ലതന്നെ. അവർ പങ്കാളിത്തം കല്പിക്കുന്നതിൽ നിന്ന് അവൻ പരിശുദ്ധനാണ്” (സൂറ: അത്തൗബ: 9:30–31)

അഹ്ലുകിതാബുകാർ (ഗ്രന്ഥാനുസാരികൾ) വിശ്വാസികളാണെന്ന് സ്ഥാപിക്കുവാൻ ചില ആളുകൾ ദൈവീക വചനങ്ങളെതെറ്റായ നിലയിൽ ഉപയോഗിക്കുന്നതു കാണാം.

“വിശ്വസിച്ചവരോ (മുസ്ലിംകളോ) യഹൂദികളോ ക്രീസ്ത്യാനികളോ സാബികളോ (ആരായിരുന്നാലും) അല്ലാഹുവിലും അന്ത്യനാളിലും (പൂർണ്ണമായി ) വിശ്വസിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നതായാൽ നിശ്ചയമായും അവർക്ക് അവരുടെ രക്ഷിതാവിങ്കൽ (അനുയോജ്യമായ) പ്രതിഫലമുണ്ട്. (ഭാവിയെ സംബന്ധിച്ച്) അവർക്ക് യാതൊരു ഭയവുമുണ്ടാകുന്നതല്ല (കഴിഞ്ഞതിനെ സംബന്ധിച്ച്) അവർ ദുഃഖിക്കുന്നതുമല്ല” (2:63)

“വിശ്വസിച്ചവരും (മുസ്ലിംകളും) യഹൂദികളായവരും, സാബികളും, ക്രിസ്ത്യാനികളും (അവരിൽ നിന്ന്) ആര് അല്ലാഹുവിലും അന്ത്യനാളിലും (യഥാർത്ഥത്തിൽ) വിശ്വസിക്കുകയും സൽപ്രവർത്തികൾ ചെയ്യുകയും ചെയ്യുന്നുവോ, തീർച്ചയായും അവർക്ക് (ഭാവിയെകുറിച്ച്) യാതൊരു ഭയവും ഉണ്ടാവുകയില്ല. (കഴിഞ്ഞതിനെ സംബന്ധിച്ച്) അവർ വ്യസനിക്കുന്നവരുമല്ല”

(അൽമാഇദ 5:70)

ഈ വചനങ്ങളെ തെറ്റായനിലയിൽ വ്യാഖ്യാനിക്കുന്നവരുണ്ട്, കാരണം അവർ ഈ വചനങ്ങളെ ഒറ്റപ്പെടുത്തി നിർത്തുന്നതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. ഇവയോടൊപ്പം മറ്റു ചില വചനങ്ങളും ചേർന്നു നില്ക്കുന്നുണ്ട് എന്ന യാഥാർത്ഥ്യം അവർ മറന്നു പോകുന്നു. മുകളിൽ സൂചിതമായ വചനം ഹസ്രത് മൂസാ(അ) മുതൽ ഹസ്രത് ഈസാ(അ) വരെയുള്ള ജൂതന്മാരെകുറിച്ചുള്ളതാകുന്നു. ഈ ജൂതന്മാരും ക്രിസ്ത്യാനികളും മുഹമ്മദ് മുസ്തഫ(സ)യുടെ കാലത്തെ ജൂതന്മാരും ക്രിസ്ത്യാനികളുമായി കൂട്ടി കുഴയ്ക്കരുത്. മുഹമ്മദ് മുസ്തഫ(സ) മുതൽ നാളിതുവരെയുള്ള ജൂതന്മാരും ക്രിസ്ത്യാനികളും അതിനുമുൻപുള്ള ജൂതന്മാരും ക്രിസ്ത്യാനികളും ഇവരെ പ്രത്യേകമായി തന്നെ കാണേണ്ടതു തന്നെയാണ്. ഇവിടെ പരാമർശിക്കപ്പെട്ട ക്രിസ്ത്യാനികൾ, അവരെ നാസിരീൻ–സഹായികൾ–എന്നാണ് വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളത്. ഈ സഹായികൾ–നാസരീൻ–ഈസ (അ)യുടെ ഹവ്വാരീൻ (അനുചരന്മാരാണ്) അവർ ഈസ(അ)യുടെ സന്ദേശത്തെ മുഹമ്മദ് മുസ്തഫ (സ)യുടെ കാലം വരെ അതേപടി പിന്തുടർന്നവരാണ്. അവർ ഒരിക്കലും അല്ലാഹുവിന് പങ്കാളികളെ ചേർത്തവരുമല്ല.

ആയതിനാൽ ഇവിടെ പരാമർശിച്ച വചനങ്ങൾ, ഇസ്ലാമിന്റെ ആവിർഭാവത്തിന് മുൻപ് നിലനിന്ന, മുൻകാല സംഘങ്ങളാകുന്നു, അവർ അവരുടെ വേദവചനങ്ങളെ അതേപടി പിൻതുടർന്നവരാകുന്നു, എന്നാൽ ഈ വചനങ്ങളെ തെറ്റിധാരണയിൽ നിന്നും മുക്തമാക്കി, ശരിയാക്കിയിരിക്കുന്നു, താഴെ പറയുന്ന വചനത്തിലൂടെ!

“ഏതൊരാൾ ഇസ്ലാം അല്ലാതെ മറ്റുവല്ല മതവും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവോ, (അയാൾ അറിഞ്ഞിരിക്കട്ടെ) അത് അയാളിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. പരലോകത്ത് അയാൾ നഷ്ടമനുഭവിക്കുന്നവരിൽപ്പെട്ടവനുമായി

രിക്കും" (3:36)

മുഴുവൻ മനുഷ്യകുലത്തിനുമായി ഇസ്ലാമിനെ ഒരു മതമായി അല്ലാഹു(ത) തെരഞ്ഞെടുത്തിരിക്കുന്നു. ഇസ്ലാമിലേക്ക് ക്ഷണിക്കപ്പെടുകയും, പ്രസ്തുത ക്ഷണത്തെ തിരസ്ക്കപ്പെടുകയും ചെയ്ത ഒരാളിന്റെയും ഒഴിവുകഴിവുകളെ പുനരുത്ഥാന നാളിൽ സ്വീകരിക്കപ്പെടുകയുമില്ല, നാരകീയ ശിക്ഷകളിൽ നിന്ന് ഒഴിവാക്കപ്പെടുകയുമില്ല.

## ഇബ്റാഹീമിന്റെ മതങ്ങൾ / ABRAHAMIC RELIGIONS

ഇബ്റാഹീമിന്റെ മതങ്ങൾ എന്ന ആശയത്തെ ആസ്പദമാക്കി വാദപ്രതിവാദങ്ങളും ചർച്ചകളും ഇന്ന് വ്യാപകമായി അരങ്ങേറുന്നുണ്ട്. ഇത്തരം അബദ്ധ പ്രസ്താവത്തിലേക്ക് ക്ഷണിക്കുന്നവർ, ജൂദായിസവും, ക്രിസ്ത്യാനിറ്റിയും, ഇസ്ലാമും അവയെല്ലാം ഒരേ ഉറവിടത്തിൽ നിന്നും വന്നതാണ് എന്ന് നടിക്കുന്നവരാണ്. അതായത് ഇബ്റാഹീം (അ)ന്റെ സ്രോതസ്സിൽ നിന്ന്! പരസ്പരബന്ധിതമായ ഇവ മൂന്നും കൂടി സംഘടിപ്പിക്കുമ്പോൾ, മുസ്ലിംകളും, ജൂതന്മാരും, ക്രിസ്ത്യാനികളും ഒരു മേശയ്ക്കു ചുറ്റുമിരിക്കുമ്പോൾ, അവരുടെ സാമ്യങ്ങൾ ചർച്ച ചെയ്യുവാനും, അവർക്കിടയിലുള്ള പൊതുവായ ബന്ധം സ്ഥാപിക്കുവാനുമായി, അവരുടെ മതപരമായ മൂലരൂപം, ഇബ്റാഹീമിൽ നിന്നുള്ളതാണ് എന്ന് തിരിച്ചറിയുവാനും ശ്രമിക്കുന്നു.

ഇബ്റാഹീമിന്റെ മതങ്ങൾ എന്ന ആശയം ഭാവിക്കുന്നത്, ഇസ്ലാമിനും കുഫ്ർനും ഇടയിൽ ഒരു സംയോജനം നിലനില്ക്കുന്നു – എന്നത് പൂർണ്ണമായും തെറ്റായ കാര്യമാണ്. വിശുദ്ധഖുർആന്റെയും വിശുദ്ധസുന്നത്തിന്റെയും നേരിട്ടുള്ള നിഷേധമാണ്, വൈരുദ്ധ്യമാണ്.

"പറയുക, ഓ! ഗ്രാന്ഥാനുസാരികളെ! (കുറഞ്ഞപക്ഷം) ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ തുല്യസമ്മതമായ ഒരു കാര്യത്തിലേക്ക് – അല്ലാഹുവല്ലാതെ നാം ആരെയും ആരാധിക്കുകയില്ലെന്നും അവനോട് യാതൊന്നിനെയും പങ്കുചേർക്കുകയില്ലെന്നും നമ്മളിൽ ചിലർ മറ്റു ചിലരെ അല്ലാഹുവിന് പുറമെ രക്ഷാധികാരികളാക്കുകയില്ലെന്നും (ഉള്ളതത്വത്തിലേക്ക്) – വരുക. എന്നിട്ട് അവർ പിൻതിരിഞ്ഞുകളയുന്നുവെങ്കിൽ പറയു

ക, ഞങ്ങൾ (അല്ലാഹുവിനോട്) അനുസരണം പുലർത്തുന്നവ രാണെന്നതിന് നിങ്ങൾ സാക്ഷ്യം വഹിക്കുക" (3:65)

"ഓ ഗ്രന്ഥാനുസാരികളെ! ഇബ്റാഹീമിന്റെ കാര്യത്തിൽ നിങ്ങൾ എന്തിന് തർക്കിക്കുന്നു? തൗറാത്തും ഇഞ്ചീലും അദ്ദേ ഹത്തിന് ശേഷമല്ലാതെ അവതരിപ്പിക്കപ്പെട്ടിട്ടില്ലല്ലോ? എന്നിട്ടും നിങ്ങൾ ചിന്തിച്ചു കാര്യങ്ങൾ മനസ്സിലാക്കുന്നില്ലേ?" (3:66)

"ഇബ്റാഹീം, ജൂതനോ ക്രിസ്ത്യാനിയോ, ആയിരുന്നില്ല. പ്രത്യുത അദ്ദേഹം (ദൈവമാർഗത്തിൽ) ഉറച്ചു നില്ക്കുന്നവനും പരിപൂർണ്ണ അനുസരണമുള്ളവനുമായിരുന്നു. അദ്ദേഹം ബഹു ദൈവ വിശ്വാസികളിൽ പെട്ടവനായിരുന്നില്ല". (3:68)

"നിശ്ചയമായും, മനുഷ്യരിൽവെച്ച് ഇബ്റാഹീമുമായി ഏറ്റവും അടുത്തബന്ധമുള്ളവർ അദ്ദേഹത്തെ പിൻപറ്റിയവരും, ഈ പ്രവാചകനും (അദ്ദേഹത്തിൽ) വിശ്വിസിക്കുന്നവരുമാകു ന്നു. അല്ലാഹു സത്യവിശ്വാസികളുടെ മിത്രമാണ്" (3:69)

ജനങ്ങളിൽ ഇബ്റാഹീമിന്റെ മതത്തിലേക്ക് ക്ഷണിക്കുന്ന അനേകരുണ്ട്. പരിശുദ്ധപ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) യുടെ സുന്നത്തിനെ പിന്തുടരുന്നവരാണെന്ന വ്യാജേന! എന്നാൽ ഇത്തരം ആളുകൾ ചിന്തിക്കേണ്ടതായിട്ടുണ്ട്, എന്താണ് പിൻപ റ്റേണ്ടതെന്ന്!?

ഉമർ ഇബ്നു ഖത്താബ് (റ) നെ പറ്റി റിപ്പോർട്ട് ചെയ്യപ്പെട്ടി രിക്കുന്നു. ഒരിക്കൽ അദ്ദേഹം തൗറാത്തിന്റെ ഒരു കോപ്പിയുമായി പ്രവാചകൻ മുഹമ്മദ് (സ)യുടെ സവിധത്തിൽ വരികയുണ്ടായി. എന്നിട്ട് പറഞ്ഞു അല്ലയോ അല്ലാഹുവിന്റെ ദൂതരെ, ഇതാ തൗറാ ത്തിന്റെ ഒരു കോപ്പി. പ്രസ്തുത കോപ്പി ഉമർ (റ)വായിക്കുവാൻ തുടങ്ങിയപ്പോൾ, മുഹമ്മദ് (സ)ന്റെ മുഖം വിവർണ്ണമായി. ഇത് കണ്ട അബൂബക്കർ(റ) ഉമർ(റ)നെ ഇപ്രകാരം വഴക്കു പറയുക യുണ്ടായി. നിന്റെ ഉമ്മാക്ക് വിപത്തുണ്ടാകട്ടെ! നിനക്ക് അല്ലാ ഹു(ത)യുടെ ദൂതന്റെ മുഖം കാണുവാൻ കഴിയുന്നില്ലേ? ഇതു കേട്ട ഉമർ(റ) കരയുവാൻ തുടങ്ങി. എന്നിട്ടു പറഞ്ഞു. " ഞാൻ അല്ലാഹുവിൽ അഭയം തേടുന്നു. അവന്റെ കോപത്തിൽ നിന്നും! അല്ലാഹുവിന്റെ ദൂതന്റെ ക്രോധത്തിൽ നിന്നും ഞാൻ അല്ലാഹു

വിൽ അഭയം തേടുന്നു. രക്ഷിതാവ് എന്ന നിലയിൽ ഞങ്ങൾ അല്ലാഹുവിൽ സംതൃപ്തരാണ്. ഇസ്ലാമിനെ മതമായും ഞങ്ങൾ തൃപ്തിപ്പെട്ടിരിക്കുന്നു. പ്രവാചകനായി മുഹമ്മദ് (സ)നെയും ഞങ്ങൾ തൃപ്തിപ്പെട്ടിരിക്കുന്നു".

അപ്പോൾ ദൈവദൂതൻ(സ) പ്രതിവചിക്കുകയുണ്ടായി. "മുഹമ്മദ് മുസ്തഫ(സ)യുടെ ജീവൻ ഏതൊരുവന്റെ കരങ്ങളിലാണോ അവനെക്കൊണ്ടു സത്യം! നിങ്ങളുടെ മുൻപാകെ മൂസാ(അ) പ്രത്യക്ഷനായാലും ശരി, എന്നിട്ട് നിങ്ങളെല്ലാവരും അദ്ദേഹത്തെ പിന്തുടർന്നാലും ശരി, എന്നെ ഒരു ഭാഗത്തേക്ക് മാറ്റി നിർത്തിയിട്ട്, (നിങ്ങളെല്ലാവരും തന്നെ തെറ്റിലായിരിക്കുന്നതാണ്) നിങ്ങളെല്ലാവരും വഴികേടിലായിരിക്കുന്നതാണ്. കാരണം ഇപ്പോൾ മൂസ(അ) ജീവിച്ചിരിക്കുകയാണെങ്കിൽ, എന്നിട്ട് എന്നെ കാണുകയും ചെയ്യുകയാണെങ്കിൽ അദ്ദേഹം തീർച്ചയായും എന്നെ പിൻതുടരുമായിരുന്നു". (മിശ്ക്കാത്തുൽ മസാബീഹ്)

ഈ സംഭവത്തിൽ നിന്നും വ്യക്തമായും മനസ്സിലാകുന്നത്, മുഹമ്മദ് മുസ്തഫ(സ) ആണ് വേദഗ്രന്ഥത്തിന്റെ ആൾക്കാരെ ആദ്യമായി കുഫ്ഫാറുകൾ എന്ന് പ്രതിപാദിച്ചത് / കരുതിയത്.

ഓരോ മുസ്ലിമും അംഗീകരിക്കുന്ന ഒരു സത്യമുണ്ട്. അതായത് സത്യം അല്ലാഹു(ത) യിൽ നിന്നും അവന്റെ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)യിൽ നിന്നും വരുന്നതു മാത്രമാണെന്ന്. ഇസ്ലാം നമ്മെ പഠിപ്പിക്കുന്നത്, അതായത് സത്യവും അസത്യവും ഒരിക്കലും യോജിച്ചു മുന്നോട്ടു പോവുകയില്ല. വേദഗ്രന്ഥത്തിന്റെ ആൾക്കാർ കുഫ്ഫാറുകളാണ്. അവർക്ക് ഇബ്റാഹീം (അ)യുമായി യാതൊരു ബന്ധവുമില്ല. ആയതിനാൽ മുസ്ലിംകൾ ഇസ്ലാമിക വിശ്വാസ സംഹിതയിൽ, അന്യമായ ആശയങ്ങൾ സ്വീകരിക്കുകയോ അവയെ ദത്തെടുക്കുകയോ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

സത്യവും അസത്യവും ഒരേ വഴിയിലൂടെ പോകുന്നതാണെന്നും അതുകൊണ്ടു ഒരുമിച്ചു മുന്നേറാമെന്നും നടിക്കുന്നവർക്കെതിരായി നീങ്ങേണ്ടവരാണ് മുസ്ലിംകൾ. വേദ

ഗ്രന്ഥം നല്കപ്പെട്ടവരും മുസ്ലിംകളും വിശ്വാസത്തിൽ സഹോദരങ്ങളാണ് എന്ന് വിശ്വസിപ്പിക്കുവാൻ ശ്രമിക്കുന്നവർ പറയുന്നതിനെതിരായി നീങ്ങേണ്ടവരാണ് മുസ്ലിംകൾ. ഇബ്റാഹീ (അ)ന്റെ ബന്ധം പറഞ്ഞുകൊണ്ടാണ് അവരിതിന് ശ്രമിക്കുന്നത്.

ഇസ്ലാമിന്റെ ശത്രുക്കൾ, ഇബ്റാഹീമിന്റെ മതം എന്ന ആശയത്തിൽ വൈറസ് കടത്തിവിട്ടിരിക്കുകയാണ്, അത് ഇസ്ലാമിലേക്ക് ചേക്കേറുവാനായി. (മുഹമ്മദിയ്യാ സമുദായത്തിലേക്ക്) തെളിഞ്ഞതും വ്യക്തമായതുമായ ഇസ്ലാമിക അധ്യാപനങ്ങളെ മുസ്ലിംകൾ തന്നെ, അവർ സ്വയം തന്നെ മലീമസമാക്കിക്കൊള്ളും. ഇതൊക്കെ തെറ്റായ മുദ്രാവാക്യങ്ങളാണ്. ഇസ്ലാമിൽ ഇത് ഒരിക്കലും നിലനിന്നിട്ടില്ല. യാഥാർത്ഥ്യവുമായി ഇതിന് യാതൊരു ബന്ധവുമില്ല.

### മുസ്ലിമീങ്ങളും കാഫിരീങ്ങളും/ABRAHAMIC RELIGIONS

മുസ്ലിംകൾ അല്ലാത്തവരെ കുഫ്ഫാർകൾ എന്ന് പറയുന്നത് ഇഷ്ടപ്പെടാത്ത അനേകം മുസ്ലിംകളുണ്ട്. അതിന്റെ കാരണം അവർ കരുതുന്നത് ഈ പദത്തിന്, തരം താഴ്ത്തുന്ന ഒരു വ്യഞ്ജനാർത്ഥം കൂടിയുണ്ട്. അത് മറ്റു ചില ഇസ്ലാമിക തത്വങ്ങൾക്ക് യോജിക്കുന്നതല്ല. എതിരായി പോകുന്നു. മുസ്ലിംകൾ അല്ലാത്തവരോട് കാണിക്കേണ്ട മാന്യതയ്ക്കും, നല്ല പെരുമാറ്റത്തിനും, ഇത് ചേർന്നതല്ല; ഈ ചോദ്യം ഉണ്ടാകുമ്പോൾ–

ഇത്തരം നല്ല തത്വങ്ങൾ സ്വയം പിന്തുടരുന്ന ഒരു നിഷ്കളങ്ക വിശ്വാസിക്ക് എങ്ങനെയാണ് ഈ പദങ്ങൾ ഉപയോഗിക്കുവാൻ കഴിയുക. "കാഫിർ/കുഫ്ഫാർ/കുഫ്ർ"?

ഒന്നാമതായി, മനസ്സിലാക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം, അതായത് അല്ലാഹു(ത) പുറപ്പെടുവിച്ചിട്ടുള്ള കല്പനകൾ, എല്ലാ മുസ്ലിംകളും അനുസരിക്കുക എന്നതാണ്. അവർ സ്വയം അതിന് കീഴടങ്ങുക എന്നതാണ്, വിശുദ്ധഖുർആനിൽ കണ്ടെത്തുന്ന എല്ലാ നിയമങ്ങൾക്കും കീഴടങ്ങുക എന്നതുതന്നെയാണ്. അതുപോലെ റസൂൽ(സ)യുടെ സുന്നത്തിനും കീഴടങ്ങുക. മുസ്ലിംകൾ അല്ലാഹു(ത)യുടെയും അവന്റെ പ്രവാച

കന്റെയും വിധികൾക്ക് കീഴടങ്ങുക എന്നത് അനിവാര്യമായ കാര്യം തന്നെയാണ്. സ്വമനസ്സാലെ കീഴടങ്ങണം, യാതൊരുവിധ വൈമനസ്യവുമില്ലാതെ! അത് എളുപ്പമുള്ളതാണോ പ്രയാസ മുള്ളതാണോ എന്ന് പരിഗണിക്കാതെ! പ്രായോഗിക തലത്തിൽ പറ്റുമോ അല്ലെങ്കിൽ അസംഭവ്യമായതാണോ എന്ന് നോക്കാതെ! ബുദ്ധിക്ക് യോജിക്കുന്നതാണോ? അതോ ബുദ്ധി ക്കുയോജിക്കുന്നതല്ലേ! എന്ന് പരിഗണിക്കാതെ! അനുസരിക്കു ക.

അല്ലാഹു(ത) എല്ലാ മുസ്ലിംകൾക്കും കടമപ്പെടുത്തിയിരി ക്കുന്ന ഒരു കാര്യമാണ് മുഴുലോകത്തും ഇസ്ലാമിനെ പ്രചരിപ്പി ക്കുക എന്നത്! ഈ അപേക്ഷ എല്ലാ മുസ്ലിംകൾക്കും ബാധകമു ള്ളതാണ്. ഇതുപോലെ ബാധകമായ കാര്യം തന്നെയാണ്, നമ്മോട് അല്ലാഹു(ത) കല്പിച്ചിട്ടുള്ള കാര്യങ്ങൾ ചെയ്യുക എന്ന ത്, അതായതു നിങ്ങൾ മാന്യമായ നിലയിൽ പെരുമാറണം, നല്ല ബന്ധങ്ങൾ കാത്തുസൂക്ഷിക്കണം, മറ്റുള്ള മനുഷ്യർക്ക് സഹായം ചെയ്യണം, അതുമാത്രവുമല്ല, മുസ്ലിംകൾക്ക് കടമയാ ക്കിയിരിക്കുന്ന കാര്യമാണ് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ സുന്നത്ത് അനുസരിച്ച് തങ്ങളുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതാണ് എന്നതും!

“ആരാണോ ദൈവദൂതനെ അനുസരിക്കുന്നത് അവൻ അല്ലാഹുവിനെ അനുസരിച്ചു” (അന്നിസാ 4:81)

ദൈവദൂതൻ ഏതൊന്ന് നിങ്ങൾക്ക് നല്കിയിട്ടുണ്ടോ അത് നിങ്ങൾ സ്വീകരിച്ചുകൊള്ളുക. ഏതൊന്നിനെ സംബന്ധിച്ച് അദ്ദേഹം നിങ്ങളെ വിലക്കിയിട്ടുണ്ടോ നിങ്ങളതിനെ വിട്ടൊ ഴിയുക. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു കഠി നമായി ശിക്ഷിക്കുന്നവനാകുന്നു.

“പറയുക നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുങ്കെിൽ എന്നെ പിന്തുടരുക. എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹി ക്കുകയും നിങ്ങളുടെ കുറ്റങ്ങൾ പൊറുത്തു തരുകയും ചെയ്യും. പറയുക, നിങ്ങൾ അല്ലാഹുവിനെയും ഈ ദൂതനെയും അനു സരിക്കുക. ഇനി അവർ പിന്തിരിഞ്ഞു കളയുന്ന പക്ഷം (ഓർക്കു ക) അല്ലാഹു അവിശ്വാസികളെ സ്നേഹിക്കുന്നില്ല”

(ആല്ഇംറാൻ 3:32,33)

"പറയുക, ഇതെന്റെ മാർഗമാണ്. ഔചിത്യബോധത്തോടു കൂടി ഞാനും എന്നെ പിന്തുടരുന്നവരും അല്ലാഹുവിങ്കലേക്ക് (ജനങ്ങളെ) ക്ഷണിക്കുന്നു. ഞാൻ അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. ഞാൻ ബഹുദൈവിശ്വാസികളിൽപെട്ടവനല്ല" (യൂസുഫ് 12:109)

ഇസ്ലാമിക് സ്റ്റേറ്റിന്റെ അതായത് ഖിലാഫത്തു വ്യവസ്ഥിതിയുടെ പുനഃസ്ഥാപനത്തിനായി പ്രവർത്തിക്കുവാൻ മുസ്ലിംകൾ കല്പിക്കപ്പെട്ടിരിക്കുന്നു. അത് പരിശുദ്ധ പ്രവചകൻ(സ)യുടെ ശരീഅത്ത് വ്യവസ്ഥ പ്രകാരമായിരിക്കണം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ വരവിന് ശേഷവും ഖുലഫാഉർറാശിദീങ്ങളിലൂടെ അത് സ്ഥാപിതമാകുകയുണ്ടായി, ഓരോ നൂറ്റാണ്ടിന്റെയും ആരംഭത്തിൽ അല്ലെങ്കിൽ അവസാനത്തിൽ അല്ലാഹു(ത) മുജ്ദ്ദിദുകളെ നിയോഗിച്ച് ഉമ്മത്തെ മുഹമ്മദിയ്യായെ നവീകരിച്ചുകൊണ്ടിരുന്നു. പിന്നീട് നമ്മുടെ വഴികാട്ടിയായ മുഹമ്മദ് മുസ്തഫ(സ)യുടെ പ്രവചനപ്രകാരം അല്ലാഹു(ത) അവന്റെ മസീഹിനെ, ഈസ ഇബ്നു മർയമിനെ അദ്ദേഹത്തിന്റെ നൂറ്റാണ്ടിലേക്ക്, തന്റെ സമുദായത്തിന്റെ ഉമ്മത്തെ മുഹമദിയായുടെ നവീകരണത്തിനായി നിയോഗിച്ചു. ലോകത്തിനായി പൊതുവായും നിയോഗിച്ചു. തീർച്ചയായും പ്രസ്തുത മസീഹ് ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ) ആയിരുന്നു. പ്രസ്തുത പ്രവചന പൂർത്തീകരണവുമായി അദ്ദേഹവും വന്നു. അദ്ദേഹം അല്ലാഹുവിന്റെ മസീഹ് ആയിരുന്നു. അദ്ദേഹത്തിന് ദൈവീക വെളിപാടുകൾ കിട്ടിക്കൊണ്ടിരുന്നു. മാനവരാശിയെ, അവർ മറന്നുപോയ, അവരുടെ സ്രഷ്ടാവിലേക്ക് വഴികാണിക്കുന്നതിനായി!

അദ്ദേഹത്തിന്റെ വഫാത്തിന് ശേഷം അല്ലാഹു(ത) ഉമ്മത്തെ മുഹമ്മദിയ്യായിൽ അവന്റെ അനുഗ്രഹം തുടർന്നുകൊണ്ടിരുന്നു. അത് മസീഹിന്റെ ഖലീഫമാരെ നല്കിക്കൊണ്ടായിരുന്നു. ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെയും ഹസ്രത് വാഗ്ദത്തമസീഹിന്റെയും ജോലികൾ തുടരുന്നതിനായി! അത് അല്ലാഹു(ത)അവൻ, അവനായി ഈ നൂറ്റാണ്ടിലേക്ക് ഒരു

ഖലീഫയെ തെരഞ്ഞെടുക്കുന്നതുവരെ അത് തുടരുകയുണ്ടായി. ഈ നൂറ്റാണ്ടിലെ അവന്റെ ഖലീഫയെ അവൻ നിയോഗിച്ചതോടെ അവസാനിച്ചു. ഈ നൂറ്റാണ്ടിലെ ഖലീഫയെ അല്ലാഹു(ത) നിശ്ചയിച്ചതിന്റെ ഉദ്ദേശ്യം ഇസ്ലാമിനെയും അതായത് മുഹമ്മദ് മുസ്തഫ (സ)യുടെ ഇസ്ലാമിനെ പുനഃസ്ഥാപിക്കുന്നതിനും, വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന്റെ സത്യത പുനഃസ്ഥാപിക്കുന്നതിനും വേണ്ടിയാണ്. അല്ലാഹു(ത) വിശുദ്ധഖുർആനിൽ വ്യക്തമായും പ്രസ്താവിക്കുന്നു. " അല്ലാഹു സത്യവിശ്വാസികളിൽ അവരിൽ നിന്നു തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി തീർച്ചയായും അവർക്ക് ഔദാര്യം ചെയ്തിരിക്കുന്നു. അദ്ദേഹം അവർക്ക് അവന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുകയും അവരെ സംസ്ക്കരിക്കുകയും അവർക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു. ഇതിന് മുൻപാകട്ടെ, അവർ പ്രത്യക്ഷമായ ദുർമാർഗത്തിലായിരുന്നു". (ആല്ഇംറാൻ 3:165)

" (ഇത്) നമ്മുടെ പക്കൽ നിന്നും നടപ്പിലാക്കുന്ന ചില നടപടി ക്രമങ്ങളാണ്. നിശ്ചയമായും നാം ദൂതന്മാരെ എപ്പോഴും അയച്ചുകൊണ്ടിരുന്നിട്ടുണ്ട്. നിങ്ങളുടെ രക്ഷിതാവിൽ നിന്നുള്ള ഒരു കാരുണ്യമായിട്ടാണിത്. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും സർവ്വവും കാണുന്നവനുമാകുന്നു" (44:6–7)

വിശുദ്ധഖുർആനിൽ നിന്നും വിശുദ്ധഹദീസുകളിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നതെന്തെന്നാൽ, പ്രവാചകത്വം ഒരു ദൈവീക അനുഗ്രഹമാണ്. എന്നാൽ അധികാരം എന്നത് ഒരു താത്ക്കാലിക അനുഗ്രഹമാണ്. അധികാര അനുഗ്രഹം ഈ ലോകത്ത് നിലനില്ക്കുമ്പോൾ, ഈ അധികാരത്തിൻ കീഴിൽ ജനങ്ങൾ കഴിയുമ്പോൾ അവരെ മഹത്വമുള്ളവരായും അനുഗൃഹീതരായും കണക്കാക്കുന്നു. അതേപോലെ തന്നെയാണ് പ്രവാചകത്വം എന്ന അനുഗ്രഹം നല്കപ്പെടുമ്പോൾ, അതിനെ കണക്കാക്കപ്പെടുന്നത്, അതൊരു ദൈവീകാനുഗ്രഹമാണ് എന്ന നിലയിലാണ്.

അതുപോലെതന്നെയാണ്, ഒരു വ്യക്തിയിൽ നിന്നും പ്രവാ

ചകത്വം തിരികെ എടുക്കപ്പെട്ടു കഴിഞ്ഞാൽ, പ്രസ്തുത അനുഗ്രഹം നഷ്ടപ്പെട്ടു കഴിഞ്ഞു. അതൊരു മഹത്തായ അനുഗ്രഹമായിരുന്നു, അതു നഷ്ടപ്പെട്ടു കഴിഞ്ഞാൽ, പിന്നീട് അയാളെ കണക്കാക്കുന്നത് മഗ്ലൂബി അലൈഹിം അതായത് അല്ലാഹുവിന്റെ കോപത്തിന് പാത്രമായി തീരുകയാണ്, അവർ വഴിപിഴച്ചവരുമാണ്.

ഒന്നാം അധ്യായത്തിൽ, സൂറ:ഫാത്തിഹായിൽ, വിശുദ്ധ ഖുർആനിൽ ഇത് വളരെ വ്യക്തമായി പറയുന്നുമുണ്ട്. മുസ്ലിംകൾ കുഫ്ർ ന്റെ ഇരകളായി തീരുന്നതാണ് എന്നത് ഒരു വസ്തുതയാണ്. അതുകൊണ്ടാണ് അല്ലാഹു(ത) ഇക്കാര്യം, ഈ പ്രാർത്ഥനയിലൂടെ അതിശക്തമായി സ്ഥാപിച്ചത്, കാരണം അതിലൂടെ ഈ മഹാവിപത്തിൽ നിന്നും അവർക്ക് അവരെ സ്വയം സംരക്ഷിച്ചു നിർത്തുവാൻ കഴിയും. ഈ പ്രാർത്ഥന നാം ചെയ്യുമ്പോൾ, നിഷ്ക്കളങ്കരും ഭക്തരുമായ മുസ്ലിംകൾ മനസ്സിലാക്കും, തെറ്റായ പാതയിൽ നിന്നും നമുക്ക് എങ്ങനെ വേർപെട്ട് നില്ക്കാമെന്ന്! എന്നാൽ പേരുകൊണ്ടു മാത്രം മുസ്ലിംകളായവർ അവർ ക്രിസ്ത്യൻസിന്റെയും ജൂതന്മാരുടെയും വിഭാഗത്തിലേക്ക് മാറുന്നതാണ്. ഈ അധ്യായത്തിൽ പരാമർശിച്ചതനുസരിച്ച്!

## HOW WILL ALLAH MAINTAIN FAITH?

## വിശ്വാസത്തെ എങ്ങനെയാണ് അല്ലാഹു(ത) നിലനിർത്തുന്നത്?

നിശ്ചയമായും ഓരോ നൂറ്റാണ്ടിലും, അല്ലെങ്കിൽ അവന് ശരിയെന്നു തോന്നുന്ന സമയപരിധിക്കുള്ളിൽ, അത് അവന് മാത്രം അറിയാവുന്ന അറിവിൽപ്പെട്ട കാര്യമാണ്, ജനങ്ങളെ നേർപാതയിലൂടെ നയിക്കുന്നതിന് ഒരാളെ നിയോഗിക്കുക എന്നത്. അങ്ങനെ അവരെ ശിക്ഷയിൽ നിന്നും രക്ഷിക്കുന്നതിനായി, ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കും വേദഗ്രന്ഥത്തിന്റെ ആൾക്കാർക്ക് ലഭിച്ചത് പോലുള്ള ശിക്ഷകൾ ലഭിക്കാതിരിക്കുന്നതിന്, അവരുടെ അതിക്രമത്തിനും അന്യായങ്ങൾക്കും ശിക്ഷ ലഭിച്ചതുപോലെ ശിക്ഷ ലഭിക്കാതിരിക്കാനാണ്, വിശ്വാസസംരക്ഷണത്തിനായി അല്ലാഹു(ത) ഇത്തരം ഏർപ്പാടുകൾ ചെയ്തിരിക്കുന്നത്. വിധിനാൾവരേയും ഹസ്രത് മുഹമ്മ്ദ് മുസ്തഫ (സ) ചെയ്ത ഒരു പ്രവചനവും പൂർത്തിയാകാതിരിക്കുന്നതല്ല. അതാ

യത് ഒരു ഈസബ്ന്മർയം, ഓരോ കാലഘട്ടത്തിലും ഓരോ നൂറ്റാണ്ടിലും വാഗ്ദത്തമസീഹിനെപോലെ പ്രത്യക്ഷീഭവിക്കുന്നതാണ്. (ഈ നൂറ്റാണ്ടിൽ പ്രത്യക്ഷപ്പെട്ടതുപോലെ) വിശ്വാസ പ്രകാശത്തെ മടക്കികൊണ്ടു വരുന്നതിനാണ്, അത് ഉമ്മത്തെ മുഹമ്മിദയ്യായിൽ എപ്പോഴും ഉണ്ടായിരിക്കുന്നതാണ്, മാനവ സമുദായത്തിൽ പൊതുവിൽ ഉണ്ടായിരിക്കുന്നതാണ്.

ജൂതന്മാരും ക്രിസ്ത്യാനികളും അല്ലാഹുവിൽ നിന്നും അനേകം അനുഗ്രഹങ്ങൾ നേടിയിട്ടുളളവരാണ്, എന്നാൽ അല്ലാഹുവിന്റെ പ്രവാചകന്മാരിൽ ചിലരെ വധിക്കുകയും, അവരിൽ വിശ്വസിക്കാതിരിക്കുകയും ചെയ്ത കാരണത്താൽ, അല്ലാഹു(ത) അവരുടെ മേൽ കഠിനതരമായ ശിക്ഷ ഇറക്കുകയുണ്ടായി, അവരുടെ ഭയാനകവും നീചവും, നിന്ദ്യവും, ഹീനവുമായ പ്രവൃത്തികൾ മൂലം!

ഇക്കാലത്ത്, വളരെ വേദനാജനകമായ ഒരു കാര്യം ഹസ്രത് മുസ്തഫ(സ) പ്രവചനം ചെയ്ത, മുസ്ലിംകളുടെ ജൂതപ്രവേശനം (അതായത് മുസ്ലിംകൾ ജൂതന്മാരായി തീരുക) എന്നത് നിറവേറിയിരിക്കുന്നു എന്നതാണ്. മുസ്ലിംകൾ ഇസ്ലാമിലെ ജൂതന്മാരും ക്രിസ്ത്യാനികളുമായിരിക്കുന്നു. അക്കാരണത്താൽ അല്ലാഹുവിന്റെ ഒരു പ്രതിനിധി വരേണ്ടുന്ന ഏറ്റവും പറ്റിയ സമയം ഇതുതന്നെയാണ്. പ്രസ്തുത വരവിലൂടെ ഇസ്ലാമിനെ സംസ്ക്കരിക്കുക, നവീകരിക്കുക എന്നിട്ട് ജനഹൃദയങ്ങളെ ലാ ഇലാഹ ഇല്ലല്ലാഹ് യിലേക്ക് വഴികാണിക്കുക എന്നതാണ് അല്ലാഹുവിന്റെ ഉദ്ദേശ്യം. അതായത് ഏകനായ ദൈവത്തിലേക്ക്, അല്ലാഹുവിലേക്ക്, അതിശ്രേഷ്ഠനായ സൃഷ്ടാവിലേക്ക്!

അതുമാത്രമല്ല, കഴിഞ്ഞ നൂറ്റാണ്ടിലെ മിശിഹായുടെ സമുദായത്തിലെ ആളുകൾ, ഹസ്രത് മിർസാഗുലാം അഹ്മദ് (അ)ന്റെ അനുചരന്മാർ അവരും അതാ ഇസ്ലാമിന്റെ അധ്യാപനങ്ങൾ ചവിട്ടിതേച്ചിരിക്കുന്നു. വാഗ്ദത്ത മസീഹ് (അ)ന്റെ അധ്യാപനങ്ങൾ അവർ കൈവിട്ടിരിക്കുന്നു. അവരുടെ ധിക്കാരവും അർത്ഥശൂന്യവുമായ, ജനങ്ങളാൽ സ്ഥാപിതമായ ഖിലാഫത്തിലെ വിശ്വാസവും പരമോന്നത സൃഷ്ടാവായ അല്ലാ

ഹു(ത) സ്ഥാപിച്ച ഖിലാഫത്തിനെക്കാളും മേലെ ആണെന്നും കരുതുന്നു.

ഹസ്രത് മിർസാഗുലാം അഹ്മദ് (അ)ന്റെ രചനകളിൽ, അദ്ദേഹം വളരെയധികം ഊന്നൽ നല്കി പ്രസ്താവിച്ചിട്ടുള്ളതാണ്, അതായത് ഉമ്മത്തെ മുഹമ്മദിയ്യായെയും ഉമ്മത്തെ ഇൻസാനിയ്യ:യും പരിഷ്ക്കരിക്കുവാൻ വന്ന ഏകമിശിഹ താൻ മാത്രമല്ലെന്നും, അനേകം മിശിഹാമാർ ഞാൻ ചെയ്ത ജോലി ചെയ്യുന്നതിനായി വരുന്നതാണെന്നും, അവർ ദൈവീക നിർദ്ദേശാനുസരണം അവരുടെ ജോലി നിർവ്വഹിക്കുന്നവരായിരിക്കും എന്നും രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

അതുകൊണ്ട്, രാജ്യം ഭരിക്കുന്ന രാജാക്കന്മാരും, റാണിമാരും അവരുടെ രാജ്യത്തിനുവേണ്ടി കാര്യങ്ങൾ ചെയ്യുന്നതുപോലെ, ദൈവം അവന്റെ അനുഗ്രഹങ്ങളും പ്രത്യേക ആനുകൂല്യങ്ങളും ഈ താത്ക്കാലിക ലോകത്തെ മനുഷ്യർക്കു വേണ്ടി ചെയ്യുന്നതാണ്. ഈ താത്ക്കാലിക ലോകത്ത് മനുഷ്യ ജീവികൾ ഉള്ളിടത്തോളം കാലം അല്ലാഹു(ത)യുടെ അനുഗ്രഹങ്ങളും പ്രത്യേക ആനുകൂല്യങ്ങളും നല്കിക്കൊണ്ടിരിക്കുന്നതാണ്.

മാനവജീവിതത്തിന്റെ പ്രധാനലക്ഷ്യം ഈ ഭൂമി അല്ല! ഭൂവാസിയായ മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം, മനുഷ്യൻ ദൈവത്തിന്റെ ദാസനായി തീരുക എന്നതാണ്. അങ്ങനെ അല്ലാഹുവിന്റെ സ്നേഹം നേടുക. അല്ലാഹു(ത) വിശുദ്ധഖുർആനിൽപറയുന്നു.

“ജിന്നിനെയും മനുഷ്യനെയും ഞാൻ സൃഷ്ടിച്ചത് എന്നെ ആരാധിക്കുന്നതിനു വേണ്ടി മാത്രമാണ്” (അദ്ദാരിയാത് 51:57)

ഇസ്ലാമിലെ യഥാർത്ഥ വിശ്വാസികൾ ഈ വചനങ്ങളെ പറ്റി ആഴത്തിൽ ചിന്തിക്കുന്നവരായിരിക്കും. അല്ലാഹു(ത) അവന്റെ നിയമങ്ങൾ ഒരിക്കലും മാറ്റുകയില്ല. മനുഷ്യനെ അവൻ സൃഷ്ടിച്ചത്, അവനെ ആരാധിക്കുവാനാണ്. സാത്താന്റെ പിടിയിൽ നിന്നും രക്ഷപ്പെടുവാനാണ്. പ്രസ്തുത സാത്താൻ അല്ലാഹുവിനോട് ഒരു സാവകാശം ആവശ്യപ്പെടുകയുണ്ടായി, നേർപാതയിൽ നിന്നും മനുഷ്യനെ വഴി തെറ്റിക്കുവാനായി!

പ്രസ്തുത സാവകാശം അല്ലാഹു(ത) അവന് നല്കുകയുണ്ടായി. അതേ സമയം അല്ലാഹു(ത) അവന് മുന്നറിയിപ്പ് നല്കുകയും ചെയ്തു. അല്ലാഹുവിലും അവന്റെ ദൂതന്മാരിലും യഥാർത്ഥ വിശ്വാസമുള്ള വിശ്വാസികളെ നിനക്ക് സ്പർശിക്കുവാൻ പോലും കഴിയുകയില്ല എന്ന്! അതുകൊണ്ടാണ് അല്ലാഹു(ത) ദൂതന്മാരെയും മാലാഖമാരെയും അയയ്ക്കുന്നത്. അല്ലാഹു(ത) മനുഷ്യനെ പിശാചിൽ നിന്ന് സംരക്ഷിക്കുവാൻ ആഗ്രഹിക്കുന്നു.

ജനങ്ങളെ വഴിതെറ്റിക്കുവാൻ (സാത്താന്റെ) അവന്റെ ആവനാഴിയിൽ അനേകം അസ്ത്രങ്ങളുണ്ട്. അവന്റെ വിദ്യകളിൽ ഒന്നാണ് മനുഷ്യന്റെ ഹൃദയത്തിൽ ശത്രുത ഇടുക എന്നത്. മനഷ്യ ഹൃദയങ്ങളിൽ നിന്നും അല്ലാഹുവിന്റെ ദൂതന്മാരെക്കുറിച്ച് അറപ്പ്, വെറുപ്പ് സൃഷ്ടിക്കുക എന്നതും അവന്റെ മറ്റൊരു വിദ്യയാണ്. ഓരോ സമയത്തും, ഓരോ കാലത്തും, അല്ലാഹു(ത) അവന്റെ ഒരു പ്രതിനിധിയെ, ഒരു ദൂതനെ, തെരഞ്ഞെടുക്കുമ്പോൾ, സാത്താൻ അവർക്കെതിരിൽ തിരിയുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു, എന്നാൽ ദൈവം നിയോഗിച്ച ഒരാളിനെതിരിൽ, എന്ത് ശക്തിയാണ് സാത്താന് പ്രയോഗിക്കുവാൻ സാധിക്കുക?

ഒടുവിൽ, അവൻ തോൽവി സമ്മതിക്കുന്നു, ഒടുവിൽ വളരെയധികം ആളുകൾ പ്രവാചകനിൽ വിശ്വസിക്കുന്നവരായി മാറുന്നു. എന്നാൽ അവൻ നേർപാതയിൽ നിന്നും ജനങ്ങളെ വഴിതെറ്റിക്കുവാനുള്ള എല്ലാ മാർഗങ്ങളും അവൻ തേടിക്കൊണ്ടിരിക്കുന്നതാണ്, തുടർന്നു കൊണ്ടിരിക്കുന്നതാണ്. കുറെശ്ശെയായി, ദൈവദൂതൻമാർ പഠിപ്പിച്ച അധ്യാപനങ്ങളിൽ നിന്നും അവരെ വഴിമാറ്റി വിടുന്നു. പ്രസ്തുത അധ്യാപനങ്ങളെ വിസ്മൃതിയിലാഴ്ത്തുന്നു. അങ്ങനെ സാത്താൻ സന്തോഷവാനായി തീരുന്നു. ജനങ്ങളെ തെറ്റായ പാതയിലേക്ക് നയിക്കുവാൻ കഴിഞ്ഞല്ലോ എന്നോർത്ത് അവൻ സന്തോഷിക്കുന്നു. നേർവഴിയിൽ സഞ്ചരിക്കുന്നതിനെക്കാൾ കൂടുതൽ ആളുകളെ വഴികേടിലാക്കുവാൻ കഴിഞ്ഞല്ലോ എന്നതിൽ അവൻ സംതൃപ്തനാകുന്നു. ഭാവിയിലേക്ക് അവൻ അവന്റേതായ ഒരു സൈന്യത്തെ തയ്യാറാക്കി നിർത്തുന്നു. കാരണം അവനറിയാം, ഓരോ സമയവും, അവൻ

വിജയിക്കുമ്പോൾ, ദൈവം ഒരു പ്രവാചകനെ അയയ്ക്കുമെന്ന്, അവന്റെ തലയ്ക്കടിക്കുവാനായി!

അതുകൊണ്ട്, ഒരു പുതിയ പ്രവാചകൻ വരുന്നതിന് തൊട്ടുമുൻപ്, സാത്താൻ അധികാരത്തിലേറിയിരിക്കും. അവൻ അവരെ പഠിപ്പിക്കുന്നുണ്ടായിരിക്കും, മരണപ്പെട്ടുപോയ പ്രവാചകനാണ് സത്യവാനായ പ്രവാചകൻ, ഇനി ഒരു പ്രവാചകനും വരില്ല, അല്ലെങ്കിൽ ഭാവിയിൽ ഒരു പ്രവാചകനും വരില്ല! അങ്ങനെ അവൻ ജനഹൃദയങ്ങളിൽ കുഴപ്പമുണ്ടാക്കുന്നു. എന്നിട്ട് പുതുതായി വരുന്ന പ്രവാചകനെതിരായി അവർ തിരിയുന്നു.

ഇപ്പോൾ ഞാൻ എല്ലാ മുസ്ലിംകളോടും ചോദിക്കുകയാണ്. നിങ്ങൾ എന്ത് കാരണം കൊണ്ടാണ് അഹ്മദി മുസ്ലിംകളെ കുഫ്ഫാർകൾ എന്ന് വിളിക്കുന്നത്? അവരെ എന്തുകൊണ്ട് യഥാർത്ഥ മുസ്ലിംകൾ എന്ന് കരുതുന്നില്ല?

അല്ലെങ്കിൽ, ഞാൻ മുകളിൽ വിശദമാക്കിയതു പോലെ, സാത്താൻ തന്നെയാണ് ഈ ദുർബോധനം മുസ്ലിം മനസ്സുകളിൽ ഇട്ടുകൊടുത്തത്, കുത്തിവെച്ചത്. സത്യത്തെ അസത്യമായി മാറ്റിമറിക്കുവാൻ! ഇത്തരം ആശയങ്ങളെ നിങ്ങൾ കൂട്ടിക്കുഴച്ച് സങ്കീർണ്ണമാക്കുന്നത് തുടരുകയാണെങ്കിൽ, നിങ്ങൾ എല്ലാവരും ചേർന്ന് നമ്മുടെ പ്രിയപ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) അവസാനത്തെ പ്രവാചകനാണെന്ന് പറയുകയാണെങ്കിൽ, അദ്ദേഹത്തിന് ശേഷം മറ്റൊരു പ്രവാചകനും ഇല്ലെന്ന് പറയുകയും ചെയ്യുകയാണെങ്കിൽ, വിശുദ്ധഖുർആനിലെ അധ്യായം 40ലെ 35–36 വചനത്തിന് നിങ്ങൾ എന്തു വിശദീകരണമാണ് നല്കുന്നത്? അതിൽ അല്ലാഹു (ത) പറയുന്നു. “മുമ്പേ യൂസുഫ് നിങ്ങളുടെയടുക്കൽ വ്യക്തമായ തെളിവുകളുമായി വന്നിട്ടുണ്ടായിരുന്നു. പക്ഷേ, അദ്ദേഹം നിങ്ങൾക്ക് കൊണ്ടുവന്നതിനെ സംബന്ധിച്ച് നിങ്ങൾ സംശയത്തിലായിക്കൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം മരിച്ചപ്പോൾ, നിങ്ങൾ പറഞ്ഞു, അല്ലാഹു അദ്ദേഹത്തിന് ശേഷം ഒരിക്കലും ഒരു ദൂതനെയും അയയ്ക്കുകയില്ല. ഇപ്രകാരം അതിരുകവിഞ്ഞ് പ്രവർത്തിക്കുന്നവരും സംശയാലുക്കളും വഴിപിഴച്ചവരാണെന്ന് അല്ലാഹു തീരുമാനിക്കുന്നു”.

“തങ്ങൾക്ക് വന്നുകിട്ടിയ ഒരു പ്രമാണവും കൂടാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളുടെ കാര്യത്തിൽ കുതർക്കം ചെയ്യുന്നവരാണവർ. അല്ലാഹുവിന്റെയും വിശ്വസിച്ചവരുടെയും അടുക്കൽ വളരെ കോപകരമാണത്. ഇപ്രകാരം അഹങ്കാരിയും തന്നിഷ്ടക്കാരനുമായ ഏതൊരുത്തന്റെയും ഹൃദയത്തിൻമേൽ അല്ലാഹു മുദ്രവെയ്ക്കുന്നതാണ്” .

അല്ലയോ! ഇസ്ലാമിനെ സംരക്ഷിക്കുന്നവരെന്നവകാശപ്പെടുന്നവരേ! അല്ലയോ അജ്ഞന്മാരെ! യൂസുഫ് നബി(അ)ന് ശേഷം അല്ലാഹുവിന്റെ പ്രവാചകന്മാരാരും വന്നിട്ടില്ല എന്ന് നിങ്ങൾ സമ്മതിക്കുന്നുവോ? ഇനി നിങ്ങൾ എന്നോട് പറഞ്ഞു തരു! യൂസുഫ് നബി (അ) ന് ശേഷം എത്ര പ്രവചകന്മാർ വന്നു എന്ന് ! ഇസ്ലാമിന്റെ ആഗമനം വരെ! ഹസ്രത് യൂസുഫ് നബി (അ)ന് ശേഷമുള്ള എല്ലാ പ്രവാചകന്മാരേയും നിങ്ങൾ അംഗീകരിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളെല്ലാവരും കാഫിർകളായി മാറിയില്ലേ? മറ്റുള്ളവരുടെ വിശ്വാസത്തെപറ്റി, തുറന്ന് വിധിപറയുവാനും, പ്രഖ്യാപിക്കുവാനും നിങ്ങൾക്ക് വിശുദ്ധഖുർആന്റെ ഏത് വചനത്തിന്റെയും വിശുദ്ധറസൂൽ(സ)യുടെ ഏതു ഹദീസിന്റെയും പിൻബലത്തിന്റെ വെളിച്ചത്തിലാണ്, അടിസ്ഥാനത്തിലാണ് നിങ്ങൾ വാദമുഖങ്ങൾ മുന്നോട്ടു വെച്ചിട്ടുള്ളത്. അല്ലയോ അജ്ഞന്മാരായ പണ്ഡിതന്മാരെ! നിങ്ങൾ സ്വാത്വികരാണെന്നും നല്ലവരാണെന്നും ഈമാൻ കൊണ്ട് നടിക്കുന്നവർ മാത്രമാണ്. മറ്റുള്ളവരുടെ വിശ്വാസത്തെപറ്റി വിധിപറയുവാനുള്ള ലൈസെൻസ് നിങ്ങൾക്കാരാണ് നല്കിയത്? എവിടെ നിന്ന് കിട്ടി? മക്കയിലേക്ക് ഹജ്ജ് കർമ്മത്തിനു പോകുവാനുള്ള തടസ്സം സൃഷ്ടിക്കുവാൻ നിങ്ങൾക്ക് ആരാണ് അധികാരം നല്കിയത്? എവിടെ നിന്നാണ് പ്രസ്തുത പ്രസ്തുത അധികാരം കിട്ടിയത്?

നിങ്ങൾ മനസ്സിലാക്കിക്കൊൾക. അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണ്, അവന്റെ സൃഷ്ടികളെ കുറിച്ചുള്ള വിശ്വാസ വിധിപറയുവാനുള്ള അവകാശം! നമ്മുടെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) നു പോലും ഒരാളുടെ വിശ്വാസത്തെ പറ്റി വിധിപറയുവാനുള്ള അവകാശം നല്കിയിട്ടില്ല. (ദൈവീക വെളിപാടുകളിലൂടെയല്ലാതെ)

എന്നാലും, അല്ലയോ അജ്ഞന്മാരായ പണ്ഡിതരെ! മറ്റു മുസ്ലിംകൾ ഞങ്ങളോട് സ്നേഹിതരായി കഴിയുന്നതിനെ തട യുവാൻ നിങ്ങൾ ആരാണ്? അഹ്മദീ മുസ്ലിംകളിൽ നിന്ന് അകന്നു കഴിയുവാൻ പറയുവാൻ നിങ്ങൾ ആരാണെന്ന്? അതെ! പണ്ഡിതന്മാർ എന്നു കരുതുന്ന നിങ്ങൾതന്നെയാണ്, ഇസ്ലാമിന് വിരുദ്ധമായ നടപടിക്രമങ്ങൾ, മുസ്ലിം പുരുഷന്മാ രിലും സ്ത്രീകളിലും കൊത്തിവെയ്ക്കുന്നതും, അതിൽ മുഴുകി കഴിയുന്നതും. തീർച്ചയായും സത്യം വ്യാപകമായി പ്രചരിക്കു ന്നതാണ്. നിങ്ങൾ ഉലമാക്കൾ തന്നെയാണ് നാശകാരികൾ എന്ന്!

ഇപ്പോൾ മുസ്ലിംകൾ മനസ്സിലാക്കുന്നു, ഉലമാക്കന്മാരുടെ അവസ്ഥ എന്താണെന്ന്! അസമാധാനവും വഴക്കുകളും സൃഷ്ടി ക്കുന്നവരാണെന്ന്! ദർഗകളിൽ പോയി ആരാധിക്കുവാൻ ജന ങ്ങളെ പ്രേരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാ ണെന്ന്! പീർമാരെ ആരാധിക്കുവാനും പഠിപ്പിക്കുന്നു. അല്ലാ ഹു(ത)യുമായി എല്ലാ വിധ ശിർക്കുകളും കൂട്ടിചേർത്തു വെയ്ക്കുന്നു.

വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ മുസ്ലിംകളുടെ കയ്യിൽ നിന്നും വഴുതിപോയിരിക്കുന്നു. ഈ സാഹചര്യത്തിന്റെ പൂർണ്ണഉത്തരവാദിത്വം ഈ ഉലമാക്കൾക്കുള്ളതാകുന്നു. ഈ സാഹചര്യത്തിൽ അല്ലാഹുവിൽ നിന്നുള്ള ഒരു ദൂതന്റെ വരവ് തികച്ചും അനിവാര്യമാണ്. ഈ പറഞ്ഞകാര്യങ്ങൾക്കുള്ള പരി ഹാരത്തിനും, ശരീഅത്തിന്റെ നവീകരണത്തിനും! നിരപരാധി കളായ മുസ്ലിംകളുടെ ഹൃദയങ്ങളിൽ, ഈ ഉലമാക്കൾ നങ്കൂര മിട്ട് വെച്ച, അന്ധകാരത്തെ നീക്കം ചെയ്യുന്നതിനും ഉമ്മത്തെ മുഹമ്മദിയ്യായോടുള്ള ആത്മാർത്ഥതയും വിശ്വാസ്യതയും പുനഃസ്ഥാപിക്കുന്നതിനുമായി!

വിശുദ്ധഖുർആനിലെ അധ്യായം 40ലെ 35, 36 വചനങ്ങൾ ഞാൻ പരാമർശിച്ചു കൊണ്ടു പറഞ്ഞതുപോലെ, ജനങ്ങൾ പറയുകയുണ്ടായി, യൂസുഫ് നബി(അ)ന്റെ വഫാത്തിന് ശേഷം ഒരു പ്രവാചകനും വരുന്നതല്ലാ എന്ന്! ഈ വചനം നമുക്ക് വ്യക്തമാക്കി തരുന്ന കാര്യം, പ്രവാചകൻ വരുകയില്ല

എന്ന ഊഹം തികച്ചും തെറ്റായ കാര്യം തന്നെയാണ്. അതിക്ര മകാരികളും സംശയാലുക്കളുമായ ആളുകളുടെ തരം താണജല്പനങ്ങൾ മാത്രമാണത്.

ഈ ആളുകൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെകുറിച്ച് സംശയാലുക്കളാണ്. അവന്റെ ആത്മീയ കരുതലുകളെകുറിച്ച് വിശ്വസിക്കുന്നതിനെ, അവർ നിരസിക്കുന്നു. ഈ പരിധിലംഘ കരും, സംശയാലുക്കളും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെകു റിച്ച് ചർച്ച ചെയ്ത് വഴക്കുകൂടുന്നവരാണ്. ഈ ചർച്ചയ്ക്കും തർക്കത്തിനും അവരുടെ കയ്യിൽ ബലവത്തായ യാതൊരു തെളിവും പ്രസ്താവനയും ഉണ്ടായിരിക്കുകയുമില്ല. അവരുടെ ഹൃദയങ്ങൾ കുഴപ്പം പിടിപെട്ടതാണ്.

## MUSLIMS SHOULD CONFIRM THEMSELVES ACCORDING TO THE TEACHING OF ALLAH AND TO HIS PROPHET [PBUH]

അല്ലാഹു(ത)യുടെയും അവന്റെ പ്രവാചകൻ (സ)യുടെ അധ്യാപനങ്ങളനുസരിച്ച്, അവർ മുസ്ലിംകൾ, സ്വയം യോജിച്ചു പോകേണ്ടതാണ്.

അല്ലാഹുവിന്റെ തിരുദൂതൻ(സ) മുസ്ലിംകളെ പഠിപ്പിക്കു കയുണ്ടായി. ദയാവായ്പ് സംബന്ധമായും കർക്കശ നിലപാട് സംബന്ധമായും! അതുപോലെ കോപത്തെ സംബന്ധിച്ചും നന്ദി പ്രകാശിപ്പിക്കുന്നതു സംബന്ധമായും! അതുകൊണ്ട് ഓരോ പ്രവൃത്തിക്കും, സാഹചര്യത്തിനും, പ്രശ്നത്തിനും അതിന് ഒരു ഇസ്ലാമിക നിയമം ഉണ്ടായിരിക്കും അഥവാ ശരീഅത്ത് വിധി ഉണ്ടായിരിക്കും. മുസ്ലിംകൾ അവയെ നേരിടേണ്ടത് അതിന്റേ തായ വഴിയിലൂടെ ആയിരിക്കണം. ഓരോന്നിനും അതിന്റേതായ ഹുക്ക്മ്/വിധി ഉണ്ടായിരിക്കും.

മുസ്ലിംകൾ അല്ലാത്തവരെ എങ്ങനെയാണ് അഭിസംബോ ധനചെയ്യേണ്ടത്? ഇസ്ലാം അവരെ എങ്ങനെയാണോ ചിത്രീക രിക്കുന്നത് അതുപോലെ! ഇസ്ലാമിനെ പ്രബോധിക്കുന്നതു സംബ ന്ധമായി, ഒരു വിഷയം രൂപകല്പന ചെയ്യുമ്പോൾ, അത് വേറി ട്ടൊരു കാര്യമാണ്, മുസ്ലിംകളും മുസ്ലിംകൾ അല്ലാത്തവരും തമ്മിൽ ഉള്ള ബന്ധവും അതുപോലെ തന്നെ. അല്ലാഹുവിന്റെ കല്പന അനുസരിച്ച് തന്നെ ആയിരിക്കണം ദഅ്വ. ഇസ്ലാമിനെ

ആ നിലയിൽ തന്നെയായിരിക്കണം പ്രബോധിപ്പിക്കേണ്ടത്. കുഫ്ഫാറുകൾക്ക് അത് വെറുപ്പുളവാക്കുന്നതായിരിക്കാം. അതുകൊണ്ട് ഈ രീതിയിലുള്ള സമീപനം വേണ്ട എന്ന് വെയ്ക്കുന്നത് ശരിയല്ല. ആയതിനാൽ, ദഅ്വ, അത്, അതിന്റേ തായ രീതിയിൽ തന്നെ നടത്തേണ്ടതാണ്. പരിശുദ്ധ പ്രവാച കൻ മുഹമ്മദ് മുസ്തഫ(സ) നടപ്പിലാക്കിയ രീതിക്ക് മാറ്റം വരു ത്തുവാൻ ഒരാൾക്കും അവകാശമില്ല, അധികാരവുമില്ല. ഇന്നത്തെ സാഹചര്യത്തിൽ അതിന് മാറ്റം വരുത്തുവാൻ പുതുക്കി നിശ്ചയിക്കുവാൻ ഒരാൾക്കും അധികാരമില്ല. അഥവാ അതിൽ തൃപ്തിപ്പെടാത്തവരെ തൃപ്തിപ്പെടുത്തുവാനായി യാതൊരു മാറ്റവും വരുത്താവതല്ല. ആധുനിക മുസ്ലിംകൾ, ആക്രമണ സ്വഭാവമുള്ള ഇസ്ലാം എന്ന് പറയാറില്ലേ? അങ്ങനെ എത്ര എത്ര ബിദ്അത്തുകളാണ് അവർ ഇസ്ലാമിൽ കൂട്ടി ചേർത്തത്?

അല്ലാഹുവും അവന്റെ ദൂതൻ (സ)യുമാണ് മുസ്ലിംകൾ അല്ലാത്തവരെ കാഫിരീങ്ങൾ എന്ന് രൂപകല്പനചെയ്തത്. (ഉ ലമാക്കന്മാരല്ല) അവരുടെ വിശ്വാസത്തെയും അവരുടെ ദുഷ്ചെ യ്തികളെയും കുഫ്ർ എന്ന് വിശേഷിപ്പിച്ചത്. (ഒരു ദൈവദൂ തനു മാത്രമെ, ഒരു മുസ്ലിമിനെയും മുസ്ലിം അല്ലാത്ത ആളെയും തിരിച്ചറിയുവാൻ കഴിയുകയുള്ളു, വേർതിരിക്കുവാൻ കഴിയു കയുള്ളു. അത് ദൈവീക വെളിപാടുകളിലൂടെ മാത്രമെ സാധി ക്കുകയുള്ളു) എന്നിരുന്നാലും വിധിനാൾ വരേക്കും ഈ സാങ്കേതികഭാഷ നിലനില്ക്കുന്നതാണ്. ഇതിന് ഒരു മാറ്റവും കൊണ്ടുവരുവാൻ ഒരാൾക്കും അവകാശമുണ്ടായിരിക്കില്ല.

മുസ്ലിംകളോട് ദഅ്വ ചെയ്യുവാൻ ആവശ്യപ്പെട്ടി ട്ടുണ്ടെങ്കിൽ, അത് അവർ ചെയ്യുവാൻ ബാധ്യസ്ഥരാണ്. മുസ്ലിം കൾ അല്ലാത്തവരോട് കരുണാവായ്പോടെ അത് നിർവ്വഹിക്കാ വുന്നതുമാണ്. അവരെ അഭിസംബോധന ചെയ്യുന്നത് കാഫി രീൻ എന്നു തന്നെയാണ്. ഇസ്ലാമിന്റെ പരിധിക്ക് പുറത്തുള്ള എല്ലാവരേയും കുഫ്ർ എന്ന പദം ഉപയോഗിച്ചാണ്, കാണേണ്ടത് എന്ന് മുസ്ലിംകളോട് കല്പിക്കപ്പെട്ടിരിക്കുന്നു.

കാരണം അത് ഇസ്ലാമുമായി എതിർപ്പ് വരുന്നതുകൊണ്ടു തന്നെയാണ്. അവർക്ക് അതല്ലാത്ത മറ്റൊരു വഴിയുമില്ല. മുസ്ലിംകൾ ഇസ്ലാം ആശ്ലേഷിക്കേണ്ടത് സ്വമനസ്സാലെ ആയിരിക്കണം, കാര്യങ്ങൾ മനസ്സിലാക്കിത്തന്നെ ആയിരിക്കണം അതിൽ പ്രവേശിക്കേണ്ടത്.

ഒരു മുസ്ലിം, ഒരു മുസ്ലിം അല്ലാത്ത ആളിനോട് എങ്ങനെയാണ് പെരുമാറേണടതെന്ന് നിർവ്വചിച്ചിട്ടുള്ളത് ഇസ്ലാം മാത്രമാണ്. ഇസ്ലാമിന്റെ സന്ദേശം അവരിലേക്ക് എങ്ങനെയാണ് എത്തിക്കേണ്ടതെന്നും അത് പഠിപ്പിക്കുന്നു. അല്ലാഹു (ത)യുടെ നിയമങ്ങളും നിയന്ത്രണങ്ങളും എങ്ങനെയാണ് പ്രാവർത്തികമാക്കേണ്ടതെന്നും അത് പ്രതിപാദിക്കുന്നു.

അല്ലാഹു(ത)യുടെ നിയമങ്ങളും നിയന്ത്രണങ്ങളും സമർപ്പിക്കുകയും ഇസ്ലാം പ്രവൃത്തിപഥത്തിൽ കൊണ്ടു വരുകയും ചെയ്യുന്ന മുസ്ലിംകൾ പലപ്പോഴും കുഫ്ഫാറുകളെ കണ്ടെത്തുന്നത്, അവർ ദ്രോഹിക്കുന്നതായിട്ടാണ്. എന്നാൽ ഇത് ഒഴിച്ചുകൂടാൻ കഴിയാത്ത പിന്തിരിപ്പൻ മനോഭാവമാണ്.

" വേദക്കാരിൽ നിന്നും ബഹുദൈവവിശ്വാസികളിൽ നിന്നും (പ്രവാചകന്മാരെ) നിഷേധിച്ചിട്ടുള്ളവർ, നിങ്ങളുടെ രക്ഷിതാവിൽ നിന്ന് നിങ്ങൾക്ക് എന്തെങ്കിലും നന്മ ഇറക്കപ്പെടുന്നത് ഇഷ്ടപ്പെടുന്നില്ല" (2:106)

"നീ അവരുടെ മതത്തെ പിന്തുടർന്നെങ്കിലല്ലാതെ ജൂതന്മാരും ക്രിസ്ത്യാനികളും നിന്നെപ്പറ്റി ഒരിക്കലും സംതൃപ്തരാവുകയില്ല" (2:121)

അത്തരം ഒരു അഭിപ്രായ വ്യത്യാസത്തിന് ഒഴികഴിവ് പറയുവാൻ മുസ്ലിംകൾക്കു സാധിക്കുകയില്ല. കുഫ്ഫാറുകളെ തൃപ്തിപ്പെടുത്തുവാനായി ഇസ്ലാമിലെ ചില ആശയങ്ങളെ അവഗണിക്കുവാൻ അവർക്കു കഴിയുകയില്ല. മുസ്ലിംകൾ, കുഫ്ഫാറുകൾക്കും അല്ലാഹുവിനും ഇടയിൽ, ഒന്ന് തെരഞ്ഞെടുക്കണം, അല്ലാഹുവിനെ തൃപ്തിപ്പെടുത്തണമോ? അതോ കുഫ്ഫാറുകളെ തൃപ്തിപ്പെടുത്തണമോ? എന്നാൽ ഇത് രണ്ടിനേയും ഒരുമിച്ചു തൃപ്തിപ്പെടുത്തുവാൻ സാധിക്കുകയില്ല.

## THE WORK OF THE KUFFAR

## കുഫ്ഫാറുകളുടെ ജോലി

കുഫ്ഫാറുകൾ നരകത്തിൽ പോകുമോ? ഈ ചോദ്യം ഇപ്പോൾ ഒരു വിവാദ വിഷയമായി തീർന്നിട്ടുണ്ട്, കുഫ് ർ സംബന്ധമായി മുസ്ലിംകളുടെ അറിവില്ലായ്മ മൂലമാണിത്. എന്നാലും, ഈ ചോദ്യം നേരിട്ടുള്ള ഒരു ചോദ്യമാണ്. അപ്പോൾ ഇതിനൊരു ഉത്തരമുണ്ടാകണം, അത് വ്യക്തവും കൃത്യവുമായതുമായിരിക്കണം. ചില ആളുകൾ ഈ വിഷയത്തെ കാണുന്നത്, ധാർമ്മികതയുടെയും, മാനുഷിക വീക്ഷണത്തിന്റെയും അടിസ്ഥാനത്തിലാണ്. അവർ ഈ വീക്ഷണത്തെ ഉപസംഹരിക്കുന്നത്, കുഫ്ഫാറുകൾ നല്ല കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ, അപ്പോൾ അവർക്ക് സ്വർഗം അനന്തരാവകാശമായി ലഭിക്കുന്നതാണ്, അവരുടെ വിശ്വാസം എന്തുതന്നെ ആയിരുന്നാലും! ഇസ്ലാം ഈ വിഷയം സംബന്ധമായി വളരെ വ്യക്തമായി തന്നെ പ്രതിപാദിച്ചിട്ടുണ്ട്.

“തങ്ങളുടെ നാഥനെ നിഷേധിച്ചവരുടെ ഉപമ-അവരുടെ കർമ്മങ്ങൾ ചാമ്പൽ പോലെയാണ്. കൊടുങ്കാറ്റുണ്ടായ ഒരു ദിവസം കാറ്റ് അതിൽ ആഞ്ഞടിച്ചു. സമ്പാദിച്ചതിൽ നിന്ന് ഒന്നും അനുഭവിക്കുവാൻ അവർക്ക് കഴിയുന്നില്ല അതത്രെ അങ്ങേയറ്റത്തെ നാശം” (ഇബ്റാഹീം 14:19)

“ പറയുക, (തങ്ങളുടെ) കർമ്മങ്ങൾ ഏറ്റവുമധികം നഷ്ടപ്പെട്ടവരെ സംബന്ധിച്ച് നാം നിങ്ങൾക്ക് പറഞ്ഞു തരട്ടെയോ?”. 18:104

“ ഐഹിക ജീവിതത്തിൽ തങ്ങളുടെ ശ്രമങ്ങൾ പാഴായി പോയവരത്രെ അവർ. ഏറ്റവും നല്ല നിലയിൽ തങ്ങൾ പ്രവർത്തിക്കുന്നുവെന്ന് അവർ ധരിക്കുകയും ചെയ്യുന്നു.” 18:105

“ അവരത്രെ, തങ്ങളുടെ നാഥന്റെ വചനങ്ങളെയും അവനുമായി കണ്ടുമുട്ടുന്നതിനെയും നിഷേധിച്ചവർ. അതിനാൽ അവരുടെ കർമ്മങ്ങൾ നിഷ്ഫലമായി പോയി. അതുകൊണ്ട് പുനരുത്ഥാന നാളിൽ നാം അവർക്ക് (സൽക്കർമ്മത്തിന്റെ) ഒരു വിലയും കല്പിക്കുകയില്ല. ” 18:106

“അതാണ് അവരുടെ പ്രതിഫലം-നരകം-അവർ നിഷേധിക്കുകയും എന്റെ ദൃഷ്ടാന്തങ്ങളെയും എന്റെ ദൂതന്മാരെയും പരി

ഹാസ്യമാക്കുകയും ചെയ്തതു നിമിത്തം” (18:107 അൽകഹ്ഫ്)

“അവിശ്വസിച്ചവരാകട്ടെ, അവരുടെ കർമ്മങ്ങൾ മരുഭൂമിയിലെ മരീചിക പോലെയാണ്. ദാഹിക്കുന്നവൻ അത് വെള്ളമാണ് എന്ന് വിചാരിക്കും. അങ്ങനെ അവൻ അവിടെ ചെന്നാൽ അതിനെ ഒരു വസ്തുവായും അവൻ കണ്ടെത്തുകയില്ല. തന്റെയടുക്കൽ അല്ലാഹുവിനെ അവൻ കണ്ടെത്തും. അപ്പോൾ അല്ലാഹു അവന്റെ കണക്ക് പൂർത്തിയാക്കി കൊടുക്കുകയും ചെയ്യും. അല്ലാഹു വളരെ വേഗം കണക്ക് പൂർത്തിയാക്കിക്കൊടുക്കുന്നവനാണ്.” 24:40

“അല്ലെങ്കിൽ ആഴമുള്ള സമുദ്രത്തിലെ അന്ധകാരങ്ങൾ പോലെയാണ്. അതിനെ (സമുദ്രത്തെ) തിരമാലകൾ മൂടുന്നു. അതിന്റെ മേലെയും തിരമാലകൾ (അടിച്ചുകൊണ്ടിരിക്കുന്നുണ്ട്) അതിന്റെ മെലെ മേഘവും, അന്ധകാരങ്ങൾ അവയിൽ ചിലത് ചിലതിന്റെ മേലെയാണ്. തന്റെ കൈ അവൻ പുറത്തെടുത്താൽ അവനത് കാണുമാറാവുകയില്ല. അയാൾക്ക് ഒരു പ്രകാശവും ലഭിക്കുകയില്ല.” (24: 41)

“ അവിശ്വസിച്ചവരാകട്ടെ, അവർക്ക് സർവ്വനാശം, അവരുടെ കർമ്മങ്ങളെ അവൻ (അല്ലാഹു) വിഫലമാക്കുന്നതുമാണ്. ” (47: 9)

അതിനു കാരണം, അല്ലാഹു ഇറക്കിയിട്ടുള്ളതിനെ അവർ വെറുത്തിരിക്കുന്നു എന്നതാണ്. അതുകൊണ്ട് അവൻ അവരുടെ കർമ്മങ്ങളെ നിഷ്ഫലമാക്കിയിരിക്കുന്നു. ” (47:10)

വ്യക്തമായും ഫലപ്രദമായ രീതിയിലും ഇസ്ലാമിനെക്കുറിച്ച് ബോധവത്ക്കരണം ലഭിച്ചിട്ടും അതിനെ ഒരാൾ അവഗണിച്ച് കുഴപ്പമുണ്ടാക്കുന്നവനായോ, തെറ്റുകൾ ചെയ്യുന്നവനായോ മരണപ്പെടുകയാണെങ്കിൽ തീർച്ചയായും അയാൾ നരകത്തിൽ പ്രവേശിക്കുന്നതായിരിക്കും– അയാൾ എത്ര നല്ല പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും, അയാളെപ്പറ്റി മറ്റുളളവർക്കിടയിൽ നല്ല പേരും, പ്രശസ്തിയും ഉണ്ടെങ്കിലും, അയാൾ എത്ര തന്നെ ഔദാര്യവാനും, സഹാനുഭൂതിയുള്ളവനായാലും ശരി.

## സമാപ്തി / CONCLUSION

ഇസ്ലാമും, കുഫ്റും വ്യത്യസ്ത ധ്രുവങ്ങളിൽ നില്ക്കുന്നു എന്നത് സുവ്യക്തമാകുന്നു ഇവിടെ. ഇതു സംബന്ധിച്ച ഇസ്ലാമിക വിധി അസന്ദിഗ്ദ്ധമായിരിക്കുന്നു. ഇസ്ലാമിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിച്ച ഏതൊരാളും മുസ്ലിമാണ്. അതുപോലെ തന്നെ ഇസ്ലാമിൽ വിശ്വാസമില്ലാത്ത ഏതൊരാളും കാഫിറാണ്. മുഹമ്മദ് നബി(സ) തങ്ങൾക്ക് ലഭിച്ച ആദ്യവെളിപാടുകൾ മുതൽതന്നെ മക്കയിൽ നിലനിന്നിരുന്ന കുഫ്റുകൾക്കെതിരിൽ (വെളിപാടുകൾ മൂലം) പടവെട്ടിയിരുന്നു. ഇത് തിരിച്ചറിഞ്ഞ മുസ്ലിംകൾ ക്രമേണ അല്ലാഹുവിന്റെ സൃഷ്ടിജാലങ്ങൾ എന്ന നിലയിലുള്ള തങ്ങളുടെ പങ്ക് മനസ്സിലാക്കുകയും ഇസ്ലാമിക സന്ദേശം അതിന്റെ പാരമ്യത്തിലെത്തുന്നതിനായി ദഅ്വയിലൂടെയും, ജിഹാദിലൂടെയും പരിശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഈ ലക്ഷ്യത്തെ വിശുദ്ധഖുർആനിൽ സുവ്യക്തമായി വിശദമാക്കിയിരിക്കുന്നത് ഇപ്രകാരമാണ്.

" സന്മാർഗ്ഗവും, സത്യമതവും കൊണ്ട് തന്റെ ദൂതനെ അയച്ചവനത്രെ. അവൻ ആ മതത്തെ മറ്റെല്ലാ മതങ്ങളുടെയുംമേൽ അവൻ വിജയിപ്പിക്കുന്നതിനു വേണ്ടി, ബഹുദൈവവിശ്വാസികൾ അത് വെറുത്താലും ശരി." (9:33)

വിശുദ്ധഖുർആനും, തിരുചര്യകളും കുഫ്ഫാറിനെ ശത്രുക്കളായി കരുതിയപ്പോൾ, ആദ്യകാല മുസ്ലിംകൾ കുഫ്ഫാറിനെ തങ്ങളുടെ മിത്രങ്ങളാക്കാനോ, അവരുടെ രീതികളെ പിന്തുടരാനോ പാടില്ല എന്ന് മനസ്സിലാക്കുകയുണ്ടായി.

വിശുദ്ധ ഖുർആനും തിരുസുന്നത്തും, ഇസ്ലാമിനെ, അല്ലാഹുവിലും, അവന്റെ ദൂതൻ(സ)യിലുള്ള വിശ്വാസവും ആണ് എന്ന് വിശദമാക്കിയപ്പോൾ ആദ്യകാല മുസ്ലിംകൾ, ഇതല്ലാതെ മറ്റേതൊരു വിശ്വാസവും കുഫ്ർ ആണ് എന്ന് തിരിച്ചറിഞ്ഞു.

ഇസ്ലാം വിശുദ്ധഖുർആനിലൂടെയും തിരുസുന്നത്തിലൂടെയും മുഴുലോകരാഷ്ട്രങ്ങളിലും എത്തുന്നതാണ് എന്ന് വ്യക്തമാക്കിക്കൊടുത്തപ്പോൾ, ആദ്യകാല മുസ്ലിംകൾ, ആ ദൗത്യം പൂർണ്ണഹൃദയത്തോടെ ഏറ്റെടുക്കുകയും ദഅ്വയിലൂടെ അത് ലോകമെങ്ങും വ്യാപിപ്പിക്കുന്നതിനായി ബദ്ധശ്രദ്ധരാവുകയും

ചെയ്തു. ലക്ഷ്യപൂർത്തീകരണത്തിനായി പലപ്പോഴും മറ്റുരാഷ്ട്രങ്ങളോട് പൊരുതേണ്ടിയും വന്നിരുന്നു അവർക്ക്. ഇസ്ലാമിനെപ്പറ്റിയുള്ള സ്പഷ്ടവും, കൃത്യതയാർന്നതുമായ അവരുടെ അപഗ്രഥനം ജീവിതത്തിന്റെ വിവിധമേഖലകളിൽ പ്രതിഫലിപ്പിക്കുന്നതിനും അവരെ സഹായിക്കുകയുണ്ടായി.

പക്ഷേ, ഈ ആധുനിക കാലത്ത് മുഹമ്മദീയ ഉമ്മത്ത് ഇസ്ലാമിനെ ശരിയായോ, കൃത്യമായോ മനസ്സിലാക്കുകയോ തിരിച്ചറിയുകയോ ചെയ്യുന്നില്ല. മുസ്ലിംകൾക്ക് തങ്ങളുടെ നിത്യജീവിതത്തിൽ ഇസ്ലാമിനൊരു പ്രാധാന്യം നല്കാനില്ല എന്ന് കാണുന്നത് വിരോധാഭാസമായി തോന്നുന്നു. ഇസ്ലാം എന്താണെന്ന് കൃത്യമായി–ശരിയായി–മനസ്സിലാക്കാത്തിടത്തോളം, ഇസ്ലാം ആദ്യമേ തന്നെ, പരിഹരിച്ച തർക്കങ്ങളും, ചർച്ചകളും, സംവാദങ്ങളുമൊക്കെത്തന്നെ തുടർന്നുകൊണ്ടിരിക്കുകയും, ഇത് ഉമ്മത്തെ മുഹമ്മദീയയെ പിന്നെയും ശാഖകളും, ഉപശാഖകളുമായി വിഭജിക്കുന്നതിനു കാരണമാകുകയും, ഇസ്ലാമിന്റെ യഥാർത്ഥ ലക്ഷ്യത്തിൽ നിന്ന് നമ്മെ അകറ്റുകയും ചെയ്യും. മുഹമ്മദീയ ഉമ്മത്തിനെ ഒരുമിപ്പിക്കാനും, ബോധവത്ക്കരിക്കാനും, മുസ്ലിംകളുടെ മനസ്സിൽ തങ്ങളുടെ മതത്തെപ്പറ്റി നിലനില്ക്കുന്ന ആശങ്കകൾ അകറ്റാനുമുള്ള ഒരേയൊരു വഴി നാം കുറച്ചധികം സമയം ഇസ്ലാമിന്റെ യാഥാർത്ഥ്യത്തെപ്പറ്റി അറിയുന്നതിനും, പൂർണ്ണവിശ്വാസത്തോടെയും, ബോധ്യത്തോടെയും അക്കാര്യം മനസ്സിലാക്കുന്നതിനും, വിശദമാക്കിക്കൊടുക്കുന്നതിനും, അങ്ങനെ മറ്റുള്ളവർക്ക് കാട്ടിക്കൊടുക്കുന്നതിനും വേണ്ടി ചെലവിടാൻ തയ്യാറാകണം എന്നതത്രേ.

"ഈ ഗ്രന്ഥം അവതരിപ്പിക്കപ്പെടുന്നത് സർവ്വലോക പരിപാലകനിൽ നിന്നാകുന്നു. അതിൽ ഒരു സംശയവുമില്ല." (32:3)

ഇസ്ലാമിന്റെ സന്ദേശത്തിൽ ഒരു സംശയം ഇല്ല തന്നെ. സ്വാഭാവികമായും ആരാണ് കാഫിർ? എന്ന ചോദ്യം ഉമ്മത്തെ മുഹമ്മദീയയിലെ ഇസ്ലാമിനെ സംബന്ധിച്ചു സന്ദേഹങ്ങളുമായി നടക്കുന്ന ഒട്ടനവധി മുസ്ലിം നാമധാരികളെയും, ഇസ്ലാമിനെ തങ്ങളുടെ ധാരണ പ്രകാരം–തന്നിഷ്ടത്തോടെ–വ്യാഖ്യാനിക്കുന്ന മതഭ്രാന്ത് പിടിച്ച ഉലമാക്കളെയും കുറിച്ച് ഓർത്ത് ഖേദിക്കുന്നു.

ഇത്തരം സംശയങ്ങളും മിഥ്യാധാരണകളും ഇസ്ലാമിനെപ്പറ്റി ഓരോ മുസ്ലിമും വെച്ചുപുലർത്തുന്നിടത്തോളംകാലം ഈ ലോകത്തിലെ അവരുടെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യവും ലക്ഷ്യവും ഒരിയ്ക്കലും തിരിച്ചറിയാനാകാതെ ആശങ്കകൾക്ക് അടിപ്പെട്ടുപോകുന്നവരായി അവർ മാറുന്നു. തത്ഫലമോ, ഇസ്ലാമിന്റെയും മുസ്ലിംകളുടെയും ശത്രുക്കൾ നമ്മെ നിരന്തരം, നിരുപാധികം കൈകാര്യം ചെയ്യുകയും അബ്രഹാമിക് റിലിജ്യൻസ് (ഇബ്രാഹിമിന്റെ മതങ്ങൾ) തുടങ്ങിയ തെറ്റായ പദപ്രയോഗങ്ങൾ നമുക്കെതിരെ നടത്തുകയും ചെയ്യും.

ആയതിനാൽ ഇസ്ലാമിനെപറ്റിയുള്ള അറിവില്ലായ്മയും മറ്റ് സന്ദേഹങ്ങളും, ഓരോ ഉമ്മത്തെ മുഹമ്മദീയയും, ഏതുവിധേനയും ദൂരീകരിക്കുന്നതിന് പരിശ്രമിക്കേണ്ടതാണ്. അതുമാത്രവുമല്ല, അതുമുഖേന അവൻ യഥാർത്ഥ ഇസ്ലാമിലേക്ക് തിരിയുകയും, ആ ഇസ്ലാം അവന്റെ അഖീദയുടേയും, സംസ്ക്കാരത്തിന്റെയും, അവൻ പാലിക്കുന്ന ചട്ടങ്ങളുടേയും, നിയമങ്ങളുടേയും, അവന്റെ പ്രശ്നപരിഹാര മാർഗ്ഗങ്ങളുടേയും അടിത്തറയും, ഉറവിടവും ആക്കേണ്ടതുമാണ്.

എല്ലാ നല്ല കാര്യങ്ങളും വളരെപെട്ടെന്ന് മറന്നുപോകുന്ന ഒരു പ്രകൃതമാണ് മനുഷ്യന്റേത്. അതിനാൽ നാം പരസ്പരം നമ്മുടെ കർത്തവ്യങ്ങളെയും ചുമതലകളെയും പറ്റി ഓർമ്മപ്പെടുത്തേണ്ടതാണ്. മനുഷ്യരിൽ ദൈവം നന്മയുടെയും, തിന്മയുടെയും പ്രകൃതങ്ങളെ സൃഷ്ടിച്ചിട്ടുണ്ട്. ഒപ്പം തന്നെ നല്ലതിൽ നിന്ന് കെട്ടതിനെ തിരിച്ചറിയാൻ അവനിൽ ബുദ്ധിവൈഭവത്തെയും ദൈവം സന്നിവേശിപ്പിച്ചിരിക്കുന്നു.

പിന്നീട്, അവന് ഇഷ്ടമുള്ള പാതതെരെഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും നല്കി. അതുവഴി നീതിനിഷ്ഠയുള്ളവനോ, തെറ്റുകാരനോ ആകാം. നന്മയുടെ പാത തെരെഞ്ഞെടുക്കുന്നവന്, അത്യുന്നതങ്ങളായ പ്രതിഫലങ്ങൾ പാരിതോഷികങ്ങളായി നല്കപ്പെടുന്നു. അതേ സമയം, അവൻ നീചപ്രവൃത്തിയിൽ ചരിക്കുകയാണെങ്കിൽ, അതിന്റെ പരിണിത ഫലങ്ങൾ അവൻ സ്വയമനുഭവിയ്ക്കേണ്ടിയും വരുന്നു.

"മനുഷ്യർ ശരിയായ പാതയിൽ നിന്ന് വ്യതിചലിക്കുമ്പോൾ ദൈവം അവരെ മോശമായ (തെറ്റായ) മാർഗ്ഗത്തിൽ നിന്നും രക്ഷിക്കാനായി, അവരിലേക്ക് അവന്റെ ദൂതന്മാരെ (പ്രവാചകരെ) അയയ്ക്കുന്നു. അതുവഴി അവരെ നേർമാർഗ്ഗത്തിലേക്ക് വഴി നടത്തുന്നതിന്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു." "എന്നാൽ നിഷേധിക്കുകയും, നമ്മുടെ ദൃഷ്ടാന്തങ്ങളെ കളവാക്കുകയും ചെയ്യുന്നവർ നരകാവകാശികൾ ആകുന്നു, അവർ അവിടെ (ചിരകാലം) വസിക്കുന്നവർ ആയിരിക്കും." (2:40)

ഈ നിയമമനുസരിച്ചാണ്, മനുഷ്യർ വഴികേടിലാകുമ്പോൾ ഭൂലോകത്ത് മനുഷ്യരുടെ തെറ്റുകൾ അധികരിക്കുമ്പോൾ, അവർക്ക് മാർഗ്ഗദർശനം നല്കുന്നതിനായി അല്ലാഹുവിന്റെ ദൂതന്മാർ ആഗതരാകേണ്ടത്. വിശുദ്ധ ഖുർആനിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഇവർക്ക് മുമ്പേ പൂർവ്വികരിൽ അധികാമാളുകളും വഴി പിഴച്ചുപോയിട്ടുണ്ട്. അവരിൽ നാം മുന്നറിയിപ്പുക്കാരെ (പ്രവചകന്മാരെ) അയച്ചു " (37:72–73)

ഈ ദൈവീക നിയമം വെളിപ്പെടാനുള്ള കാരണം എന്താണ്? മാനവരാശി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ച് നാശത്തിൽ അകപ്പെട്ടു പോകുന്നത് തടയുന്നതിനും, ദൈവീകാനുഗ്രഹങ്ങൾ ആസ്വദിക്കുകയും, പിന്നീട് നന്ദികേടിലും വഴികേടിലും ആയി പോകുകയും ചെയ്യുന്നവരെ അതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും തന്നെയാണ് അത്. പക്ഷേ, അല്ലാഹു അതീവ ദയാലുവും, അങ്ങേയറ്റം ഔദാര്യവാനുമത്രെ. ശിക്ഷ നല്കുന്നതിന് മുന്നൊരുക്കവുമായി അവൻ മനുഷ്യരിലേക്ക് ഒരു താക്കീതുകാരനെ അയയ്ക്കുന്നു. അവൻ പറയുന്നു. "അത് (പ്രവാചകന്മാരെ നിയോഗിക്കുന്നത്) നിന്റെ നാഥൻ ജനവാസസ്ഥലങ്ങളെ അവിടത്തെ നിവാസികൾ അശ്രദ്ധരായിരിക്കെ അന്യായമായി നശിപ്പിക്കുന്നവനല്ല എന്നുള്ളതുകൊണ്ടാണ്." (6:132)

മനുഷ്യന് അല്ലാഹു നല്കിയ ആഞ്ജകളെ ഓർമ്മിപ്പിക്കുന്നതിനും, അതിന്റെ വില (മൂല്യം) അവരെ അറിയിക്കുന്നതിനും, അവൻ പൂർണ്ണമായോ, ഭാഗികമായോ, മറന്നുപോയതോ, തെറ്റിദ്ധരിയ്ക്കപ്പെട്ടു പോയതോ ആയ അധ്യാപനങ്ങളെ അവരെ ഓർമ്മിപ്പിക്കുന്നതിനും, തങ്ങൾ ഓരോരുത്തരും ചെയ്യുന്ന കർമ്മ

ങ്ങൾക്കെല്ലാം ഒരു ദിവസം അല്ലാഹുവിന്റെ സന്നിധിയിൽ കണക്കുബോധിപ്പിക്കേണ്ടവരാണെന്ന് അവരെ ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഓരോ പ്രവാചകനും ആഗതനാവുന്നത്.

വിശുദ്ധഖുർആൻ പാരായണം ചെയ്യുകയും, ആഴത്തിൽ വിശകലനം ചെയ്യുകയും ചെയ്യുമ്പോൾ, നമുക്ക് മനസ്സിലാകുന്നത്, ആത്മീയനേതാക്കൾ (മതനേതാക്കന്മാർ) അഴിമിതിക്കാരാകുമ്പോൾ, അവർ നേർമാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ചുപോകുന്നു. വിശുദ്ധഖുർആൻ പറയുന്നു. " പാപങ്ങളിൽ നിന്ന് പ്രകടമായതും അതിൽ നിന്ന് ഗോപ്യമായതും നിങ്ങൾ വർജിക്കുക. തീർച്ചയായും പാപം ചെയ്യുന്നവർക്ക് അവൻ സമ്പാദിച്ചുകൊണ്ടിരുന്നതിന് അനുസൃതമായി പ്രതിഫലം നല്കപ്പെടുന്നതാണ് ." (6:121)

"തങ്ങളുടെ മതപണ്ഡിതന്മാരേയും പുരോഹിതന്മാരേയും മർയമിന്റെ മകൻ മസീഹിനേയും അല്ലാഹുവിനു പുറമേ അവർ രക്ഷാകർത്താക്കളായിവച്ചിരിക്കുകയാണ്. വാസ്തവത്തിൽ, ഒരേയൊരു ദൈവത്തെ ആരാധിയ്ക്കാനല്ലാതെ അവരോട് കല്പിക്കപ്പെട്ടിട്ടില്ല. അവനല്ലാതെ ഒരു ദൈവവും ഇല്ല തന്നെ. അവർ പങ്കാളിത്തം കല്പിക്കുന്നതിൽനിന്ന് അവൻ പരിശുദ്ധനാണ്" (9:31)

മുകളിലുദ്ധരിച്ച വചനങ്ങൾ ആഴത്തിൽ വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. കോടിക്കണക്കിന് മുസ്ലിംകൾ ഈ ഭൂമിയിലൊട്ടാകെയുണ്ട്. അവർക്ക് ഭരണാധികാരികളും, സാമ്പത്തികശേഷിയും, ഉപദേശങ്ങൾ നല്കാൻ ഉലമാക്കളുമുണ്ടെങ്കിലും ഇസ്ലാമിന്റെ വ്യാപനത്തിനായി അവർ ഒന്നും തന്നെ ചെയ്തുകാണുന്നില്ല. മറിച്ച്, ഇസ്ലാം ക്ഷയിച്ചു വരികയാണ്. ഇതിൽ നിന്നും നമുക്ക് വ്യക്തമാകുന്ന വസ്തുത, ഇസ്ലാം ലോകത്താകമാനം പ്രചരിപ്പിക്കുന്നതിന് നമുക്ക് ഭരണാധികാരമോ, സമ്പത്തോ വേണ്ടതിനേക്കാൾ ഏറെ ആവശ്യം യഥാർത്ഥ വിശ്വാസവും, ഭക്തിയുമാണ് എന്നതത്രേ. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ഈ ഭാരിച്ച ഉത്തരവാദിത്തം ഏറ്റെടുത്തിരിക്കുകയാണ്. നമ്മുടെ മുസ്ലിം സഹോദരങ്ങൾ, അഹ്മദി മുസ്ലിങ്ങളെയും, സ്സഹീഹിൽ ഇസ്ലാം സഹോദരങ്ങളെ കാഫിർ എന്ന് മുദ്രകുത്തുകയും, പീഢ

നങ്ങൾക്ക് ഇരയാക്കുകയും, അവരെ കൊല്ലുകയും ചെയ്തു കൊണ്ടിരിക്കുന്നു.

ഇതുപോലെയുള്ള കഷ്ടതകളും, എതിർപ്പുകളും ഒക്കെ സഹിക്കേണ്ടി വരുന്നു എങ്കിലും സ്സഹീഹിൽ ഇസ്ലാം ജമാഅത്ത് ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഇസ്ലാമിക സന്ദേശം ലോകമെങ്ങും പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ മുന്നേറുന്നു. ജമാഅത്തിന്റെ സാമ്പത്തികാടിത്തറയെപ്പറ്റി നോക്കിയാൽ, സമ്പത്ത് തീരെ ശുഷ്കമാണ്, വളരെക്കുറച്ച് പേർ മാത്രം നിത്യവരുമാനമുള്ളവർ എന്നിരിക്കിലും ഈ ജമാഅത്തിനെ എതിർത്തു കൊണ്ടിരിക്കുന്നവർക്ക് ഇസ്ലാമിക സന്ദേശപ്രചാരണത്തിൽ അതിനെ പിന്നിലാക്കുവാൻ സാധിക്കുന്നതേയില്ല. എന്തുകൊണ്ട്? അതിന് തികച്ചും ലളിതമായ ഉത്തരം ഇതാണ്. ഈ ജമാഅത്തിന്, അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഇമാം ഉണ്ട്. ഈ ജമാഅത്തിലെ അംഗങ്ങൾക്ക് ഹൃദയത്തിൽ വേരോടിയ ഭക്തിയും ദൈവ വിശ്വാസവും ഉണ്ട്. തങ്ങളുടെ എല്ലാ പരിമിതികളുടെ ഇടയിലും നിന്നുകൊണ്ട് അവർ ഖുർആനിക അധ്യാപനങ്ങൾ പിന്തുടരുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്.

ഇസ്ലാമിക ദൗത്യനിർവ്വഹണത്തിനായി അവർ ശാരീരികമായും, സാമ്പത്തികമായും ഏറെ ത്യാഗങ്ങൾ സഹിയ്ക്കുന്നു. അല്ലാഹു അവന്റെ അനുഗ്രഹത്താലും കരുണയാലും തെരെഞ്ഞെടുത്ത ഒരു ദൂതൻ ആത്മീയ നേതാവായി അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നല്കി അവരുടെ പ്രവർത്തനങ്ങളെ നേരായ വഴിയിലേക്ക് തിരിച്ചു വിട്ടുകൊണ്ടിരിക്കുന്നു. അവർ അങ്ങേയറ്റം അച്ചടക്കത്തോടെയും കൃത്യതയോടെയും തങ്ങളുടെ കർമ്മപന്ഥാവിൽ മുന്നേറിക്കൊണ്ടിരിക്കുന്നു.

ഹസ്രത്ത് മുഹമ്മദ് മുസ്തഫ (സ) യുടേയും, വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം (അ)യുടേയും, ഈ കാലഘട്ടത്തിലെ ഖലീഫത്തുല്ലാഹ് മുഹ്യിദ്ദീന്റെയും ദൗത്യനിർവ്വഹണം എന്ന ഭാരിച്ച ഉത്തരവാദിത്തം ഏറ്റെടുത്ത് മുന്നേറുന്ന തങ്ങളുടെ ജമാഅത്തിന്റെ ഉദ്ദേശശുദ്ധിയെക്കുറിച്ച് അവർക്ക് വ്യക്തമായ

ധാരണയുണ്ട്. പ്രവാചക ശ്രേഷ്ഠരായ മുഹമ്മദ് (സ)യുടെയും വാഗ്ദത്ത മസീഹ് (അ)ന്റെയും പാത പിന്തുടരുന്ന ഖലീഫത്തുല്ലാഹ് മുഹ്‌യിദ്ദീന്റെ സാന്നിധ്യം കൊണ്ട് ഈ കാലഘട്ടത്തെ അല്ലാഹു അനുഗ്രഹിച്ചിരിക്കുന്നു എന്നും, അദ്ദേഹം മനസാ, വാചാ, കർമ്മണാ ഇസ്ലാമിക പ്രചാരണത്തിനായി സ്വയം ഉഴിഞ്ഞുവച്ചിരിക്കയാണെന്നും, അദ്ദേഹത്തിന്റെ പാത അല്ലാഹുവിനാൽ സ്ഥാപിതമായ അച്ചടക്കത്താൽ നയിക്കുന്ന ഒന്നാണെന്നും അവർക്ക് ഉത്തമബോധ്യമുണ്ട്.

തീർച്ചയായും, എല്ലാ മുസ്ലിങ്ങളും ഖലീഫത്തുല്ലാഹ്‌യിലൂടെ അല്ലാഹുവിനാൽ വെളിപ്പെടുത്തപ്പെട്ട സത്യത്തിൽ തങ്ങളുടെ വിശ്വാസം അർപ്പിക്കുകയും, ഭയമോ, വിലക്കുകളോ കൂടാതെ ഏകദൈവാരാധനയിലേക്ക് വീണ്ടും മടങ്ങിവരികയും, ഏകനായ ദൈവത്തെ–അല്ലാഹുവിനെ–മാത്രം ആരാധിക്കുകയും ചെയ്യുന്ന സമയം വരും. ഇൻശാഅല്ലാഹ്!

അല്ലാഹുവിന്റെ, സത്യസന്ധരും, നീതിമാൻമാരുമായ സൃഷ്ടിജാലങ്ങളെ, നിങ്ങൾ മുന്നോട്ടു വരിക. ഈ പറഞ്ഞ പ്രൗഢമായ ലക്ഷ്യപ്രാപ്തിയ്ക്കായി കൈകോർക്കാൻ മുന്നോട്ടു വരിക. നിങ്ങൾ ദൈവീക അനുഗ്രഹങ്ങളുടേയും, ഔദാര്യങ്ങളുടേയും അവകാശികളായി മാറുവിൻ.

അല്ലാഹു നിങ്ങൾ ഏവരിലും അവന്റെ അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. ആമീൻ. അവസാനിപ്പിക്കുന്നതിനു മുന്നോടിയായി നാം പറയാറുണ്ട്. വൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ!

എല്ലാം സ്തുതിയും സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു.

..............അവസാനിച്ചു......


ദൈവത്തിന് സ്തുതി



بسم الله الرحمن الرحيم

*The English books written by the worldwide Spiritual leader of Jamaat-ul-Sahib Al Islam*
**Hadhrat Khalifathullah Munir Ahmad Azim** *(atba) of Mauritius are translated into Malayalam* **By Mukarram R. Jamaludin Raother**, *Sahib of Mathra,*
*Amir of the Jamaat-Ul-Sahib Al Islam, South Zone Kerala, India.*

ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ആഗോള ആത്മീയ നേതാവ് **ഹസ്രത് ഖലീഫത്തുല്ലാഹ് മുനീർ അഹ്മദ് അസീം(atba)**ന്റെ ഇംഗ്ലീഷിൽ വിരചിതമായ ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്തിരിക്കുന്നത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം കേരള സൗത്ത് സോൺ **അമീർ മുകർറം ആർ. ജമാലുദ്ദീൻ റാവുത്തർ** അവർകളാകുന്നു.



***The Books in Malayalam are follows.***
**മൊഴിമാറ്റം ചെയ്യപ്പെട്ട ഗ്രന്ഥങ്ങൾ കാണുക.**

## Part I

1. **THE REAL FACE OF THE HYPOCRITES/** കപടവിശ്വാസികളുടെ യഥാർത്ഥ മുഖം
2. **HOLD FAST TO THE ROPE OF ALLAH /**ദൈവീക പാശത്തെ മുറുകെ പിടിക്കുക
3. **IMAN : THE PATHWAY TO GOD/** വിശ്വാസം: ദൈവത്തിലേക്കുള്ള ഊടുവഴി
4. **AS INSIGHT INTO THE SACRED SCRIPTURES OF THE HINDU FAITH**
   ഹൈന്ദവ ധർമ്മശാസ്ത്രത്തിന്റെ ഉള്ളറകളിലേക്ക് പരിശുദ്ധ വേദങ്ങളിലൂടെയുള്ള ഒരു അന്തർദർശനം
5. **AL-AZIM - TAFSIR - UL- QURAN:INTRODUCTION AND CHAPTER 1. AL - FATIHA**
   അൽ അസീം തഫ്സീറുൽ ഖുർആൻ : ആമുഖവും സൂറ: ഫാതിഹായും.
6. **BOYCOTT? OR, NO BOYCOTT?**/സാമൂഹ്യബഹിഷ്ക്കരണം ഉണ്ടോ? അതോ ഇല്ലയോ?
7. **HEART : A STUDY/** ഹൃദയം : ഒരു പഠനം
8. **DHUL QARNAIN /** ദുൽഖർനൈൻ
9. **THE TRUTH : JESUS HAS DIED: PROOFS FROM THE HOLY QURAN**
   ഒരു സത്യം : യേശു മരണപ്പെട്ടു: വിശുദ്ധഖുർആൻ തെളിവുകൾ
10. **THE TRUE FACETS OF ISLAM** (Part I)/ ഇസ്ലാമിന്റെ യഥാർത്ഥ ഭാവങ്ങൾ (ഭാഗം-1)
11. **WHO IS A KAFIR?** ആരാണ് കാഫിർ?
12. **THE IMPORTANCE OF JAMAAT-UL-SAHIH-AL-ISLAM MEETINGS**
    ജമാഅത്തുസ്സഹീഹിൽ ഇസ്ലാം: യോഗങ്ങളുടെ പ്രാധാന്യം.

## Part II

1. **HAQIQAT-UL-WAHY (ARABIC)** (Part I)
   **HAZRAT MIRZA GHULAM AHMAD (A) MUJADDID OF THE 14th CENTURY HIJRA.**
   ദിവ്യവെളിപാടുകളുടെ യാഥാർത്ഥ്യം(ഭാഗം-1)
   അറബിയിൽ നിന്നും മൊഴിമാറ്റം **ആർ. ജമാലുദ്ദീൻ റാവുത്തർ**

## Part III

**COMPILATION BOOKS by** ***R. JAMALUDIN RAOTHER***
സമാഹരണ ഗ്രന്ഥങ്ങൾ by ആർ. ജമാലുദ്ദീൻ റാവുത്തർ

1. **MORALS & GOOD MANNERS IN THE HOLY QURAN**
   വിശുദ്ധഖുർആനിൽ നിന്നും നമുക്ക് ലഭിക്കുന്ന ചില ധാർമ്മികതകളും നല്ല പെരുമാറ്റ രീതികളും
2. **EVIDENCES IN SUPPORT OF THE CLAIMS OF HAZRAT KHALIFATHULLAH OF THE 15th CENTURY. (PART I, PART II, PART III)**
   15-ാം നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്‌യുടെ വാദത്തിനുള്ള തെളിവുകൾ നിരത്തുന്നു.
   1. വിശുദ്ധഖുർആൻ, 2. വിശുദ്ധഹദീസ്, 3. ഹസ്രത് മിർസാഗുലാം അഹ്മദ് (അ)ന്റെ അധ്യാപനങ്ങൾ